
REGD. No. M. 4374.


Annual Subscription Rs. 5/

MAPPILLA REVIEW

VOL 4 | NOVEMBER 1944 | No. 7



Printed by K. A. KRISHNAN at the Empire Press, Calicut. Edited & Published by K. ABUBUCKER.


CHANK
BRAND
CHAN
CHAN
CHAN
CHAN
CHAN
CHANK BRAND

Contents

കൂടുതൽ യുദ്ധ പരിശ്രമം

എന്നാൽ

വമ്പിച്ച സമരങ്ങൾ

* എന്നാൽ *

റെഡ് ക്രോസ്സ്കാക്കു കൂടുതൽ

അദ്ധ്വാനം ഇതു മനസ്സിലുറപ്പിച്ചു

ഗവണ്ണ്ററുടെ യുദ്ധ ഫണ്ടിലേക്കു്

(റെഡ് ക്രോസ്സ് വിഭാഗത്തിൽ)

വീണ്ടും സംഭാവന ചെയ്യുക



ബലക്ഷയവും
നിരുന്മേഷതയും
അടിച്ചുകറവന്നു.

നിങ്ങൾ വാങ്ങുന്നതു് കോഴിക്കോട്ടു്, ഗവമ്മെണ്ടു് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവമ്മെണ്ടു് ബ്രാണ്ടു്) "ഷാർക്ക് ലിവർഓയൽ" തന്നെയല്ലെ എന്നു് സൂക്ഷിക്കുക.

SHARK LIVER OIL

MADRAS GOVERNMENT BRAND · MGB



GOVERNMENT OIL FACTORY, CALICUT.

ഏജൻറുമാർ:—മെസ്സേർസ്സ് പാരി & കമ്പനി ലിമിററഡ്, മദിരാശി.

മാപ്പിള റവ്യൂ

പുസ്തകം 4. | 1944 നവമ്പർ | ലക്കം 7.

ഈദുൽ ലുഹ

ദുൽഹജ്ജ് മാസം 9-ാംനു. പുണ്യഭൂമിയായ ഹിജാസിലെ ചരിത്രപ്രസിദ്ധമായ അറഫായിലെ കുന്നുകളിൽ ജാതി, നിറം, ഭാഷ, രാഷ്ട്രീയജനത എന്നീ വ്യത്യാസങ്ങളില്ലാതെ, ഇസ്ലാമിക സാഹോദര്യം പ്രകടമാകുന്ന ദിനമാണന്ന്.

മെക്ക സന്ദശിക്കുവാനും, സ്വഗൃഹത്തിൽനിന്നുള്ള തന്റെ അസാന്നിദ്ധ്യകാലത്തു കുടുംബത്തെ പുലത്തുവാനും സാമ്പത്തികമായി കഴിവുള്ള മുസ്ലീമീങ്ങൾ, തങ്ങളുടെ ജീവിതകാലത്തു ഒരിക്കലെങ്കിലും, ഹജ്ജിന്നു പോകേണ്ടതത്യാവശ്യമാണെന്ന് അല്ലാഹു നിബ്ബന്ധമാക്കിയിരിക്കുന്നു. ഈ ദൈവാജ്ഞയനുസരിച്ചു പ്രവത്തിക്കുവാൻ ഭാഗ്യംസിദ്ധിച്ചവർ, തീത്ഥാടനസംബന്ധമായ വിവിധചര്യ്യകൾ അനുഷ്ഠിക്കുകയും, മെക്കയിലും പരിസരങ്ങളിലും ദുൽഹജ്ജിലെ ആദ്യത്തെ എട്ടുദിവസം പ്രാത്ഥനനടത്തിയശേഷം, അറഫായിൽ പൊതുപ്രാത്ഥനക്കായി സമ്മേളിക്കുകയും ചെയ്യുന്നു.

തീത്ഥാടനക്കാർ, സകലരും 'എഹ്റാം' ധരിച്ചു, പാദരക്ഷ ധരിക്കാതെ, ശിരസ്സിൽ ആച്ഛാദനമൊന്നും കൂടാതെ, ആയിരക്കണക്കിൽ അണിയണിയായി നിന്ന്, സൃഷ്ടാവിന്റെ മുമ്പിൽ നമസ്കരിച്ചുകൊണ്ട് 'ഞാൻ അങ്ങയുടെ സേവനത്തിന്ന് നിലകൊള്ളുന്നു, ദൈവമെ, ഞാൻ അങ്ങയുടെ സേവനത്തിന്ന് നിലകൊള്ളുന്നു!'' എന്ന പ്രാത്ഥന ചൊല്ലുന്നതു ദശിക്കുന്നതു് ഹൃദയോദ്വേഗമാണ്. ദൈവത്തിന്റെ പിതാമഹത്വവും മനുഷ്യജാതിയുടെ സാഹോദര്യ്യവും സമത്വവും പുലത്തുന്ന ഹജ്ജ്‌യാത്രക്കാരുടെ ഈ മഹൽകമ്മം ഏതൊരു പ്രേക്ഷകനേയും സ്വൎഗ്ഗീയമായ ഒരാനന്ദത്തിൽ ആറാടിക്കുന്നതായിരിക്കും. വഴിയുടെ ദൈർഘ്യവും കാലാവസ്ഥയുടെ കാഠിന്യവും പണച്ചെലവും സഹിച്ചു, ഹജ്ജ് അനുഷ്ഠിക്കുന്ന വേളയിൽ, തങ്ങളുടെ ഹൃദയം ദൈവത്തിങ്കലേക്കർപ്പിച്ചു സംതൃപ്തിയടയുന്നു.

മെക്കയിലേക്കു പ്രതിവഷവുമുള്ള ഈ തീത്ഥയാത്രയുടെ ആന്തരാത്ഥം സർ തോമസ്സ് ആർനോൾഡ് ''ഇസ്ലാമിക സിദ്ധാന്തം'' എന്ന തന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അദ്ദേഹം പറയുന്നു: —''വിവിധരാഷ്ട്രങ്ങളിലുള്ളവരും വിവിധഭാഷ സംസാരിക്കുന്നവരുമായ മുസ്ലീമീങ്ങൾ വഷത്തിലൊരിക്കൽ *കഅബ എന്ന ആ പുണ്യപ്രദേശത്തു സമ്മേളിച്ചു ദൈവഭജനംചെയ്യണമെന്നു അതു് (ഇസ്ലാം) ഉപദേശിക്കുന്നുവെന്നതു് അതീവപ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. ഇസ്ലാംപ്രചാരത്തിന്റെ ചരിത്രപ്രാധാന്യം ഇതിലാണടങ്ങിയിരിക്കുന്നതു്. ഈ വിവിധരാഷ്ട്രങ്ങളിലേയും ജനങ്ങൾ സ്വഗൃഹങ്ങളിൽ മണിക്കൂർതോറും നടത്തുന്ന പ്രാത്ഥനകളുടെ വേളയിൽ ആ കഅബ അഭിമുഖീകരിക്കുന്നു. ഒരേ ഒരു വിശ്വാസത്താൽ നിബന്ധരായ തങ്ങളുടെ സാഹോദര്യവും ജീവിതസമത്വവും അവയിൽ ബോദ്ധ്യമുളവാക്കുവാൻ ഇതിനേക്കാൾ ഉപരിയായ മറ്റൊരു മതാനുഷ്ഠാന

---

* കഅബയുടെ പുരാതനത്വം ഇബ്രാഹിംനബിയുടെ കാലംമുതൽക്കാരംഭിക്കുന്നു. ഇബ്രാഹിം നബിക്കു ഇസ്മായിൽ എന്ന പുത്രനുണ്ടായപ്പോൾ കുട്ടിയേയും അതിന്റെ മാതാവായ ഹാജിറായേയും അറേബ്യയിലെ ഫറാൻ എന്ന സ്ഥലത്തു കൊണ്ടുപോയാക്കുവാൻ ദിവ്യാജ്ഞ ലഭിച്ചു. മാതാവിനേയും ശിശുവിനേയും കൊണ്ടാക്കപ്പെട്ട സ്ഥലത്താണ് ഇന്നു കഅബാ സ്ഥിതിചെയ്യുന്നതു്.

മില്ല. പൊതുവായ ആരാധനയുടെ മഹത്തായ ഒരു ചിഹ്നമാണിതു്. ആഫ്രിക്കയിലെ പശ്ചിമതീരത്തെ നീഗ്രോ പൌരസ്ത്യദേശത്തെ ചൈനക്കാരനുമായി ഒത്തുചേരുന്നു; ഓട്ടോമൻ സാമ്രാജ്യത്തിൽനിന്നു വരുന്ന പരിഷ്കൃതരായ തുർക്കികൾ വിദൂരമായ മലയൻ സമുദ്രതീരത്തുനിന്നുള്ളവരുമായി സമ്മേളിക്കുന്നു.”

തങ്ങളെ ഒന്നിച്ചുചേർത്ത ചരടു് ദുർബ്ബലമാകാതിരിക്കുന്നതിനും, തങ്ങളുടെ സഹോദരന്മാരുടെ സ്ഥിതിവിവരങ്ങൾ മുഖദഃ അറിഞ്ഞു, ഇസ്ലാംലോകകാര്യങ്ങളെപ്പററി ഒത്തൊരുമിച്ചു ആലോചിക്കുന്നതിനും വേണ്ടി ലോകത്തിലെ സകല രാജ്യങ്ങളിലേയും മുസ്ലിമീങ്ങൾ പ്രതിവർഷം ഒരിടത്തു സമ്മേളിക്കുക എന്നതാണ് വാസ്തവത്തിൽ ഹജ്ജിൻെറ വിവക്ഷ.

അറഫായിലെ ഹജ്ജ്സംബന്ധമായ ചടങ്ങുകൾ അവസാനിച്ചാൽ തീർത്ഥയാത്രക്കാർ മെക്കയിലേക്ക് മടങ്ങുകയും പിറേറന്നു, ഹജ്ജ്കാലത്തെ ഏററവും പ്രധാനമായ “ഈദുൽലുഹ” ആഘോഷിക്കുകയുംചെയ്യുന്നു. ആ പുണ്യനഗരിയിൽ സമ്മേളിക്കുവാൻ ഭാഗ്യംസിദ്ധിച്ച തങ്ങളുടെ സഹോദരന്മാരോടൊപ്പം അതേ ദിനത്തിൽ ലോകത്തിലെ മുസ്ലിമീങ്ങൾ മുഴുവനും ഈ ഉത്സവം ആഘോഷിക്കുന്നു. ദിനനാഥൻ പൌരസ്ത്യചക്രവാളത്തിൽ പ്രത്യക്ഷപ്പെടുന്നതോടുകൂടി, മുസ്ലിമീങ്ങൾ ഉറക്കണർന്നെഴുനേററ, സ്നാനാദികൾ നിർവ്വഹിച്ചു, മേത്തരം വസ്ത്രങ്ങളണിഞ്ഞു, ആഹാരമൊന്നുംകഴിക്കാതെ “ഈദ്ഗാ” യിലേക്കു പോകുന്നു. പ്രാർത്ഥനാനന്തരം തിരിച്ചുവന്നശേഷം അവർ തങ്ങളുടെ കഴിവിനൊത്തവണ്ണം ആട്ടിനേയോ പശുവിനേയോ ഒട്ടകത്തേയോ അറുത്തു ബലികഴിക്കുന്നു. അവർ അതിൻെറ മാംസം മൂന്നോഹരിവെക്കും—ഒരു ഓഹരി ദരിദ്രന്മാക്കു ദാനംചെയ്യു, മററുദിവസങ്ങളിൽ തങ്ങളുടെ കഴിവിന്നതീതമായ മാംസഭക്ഷണം ഒരു ദിവസമെങ്കിലും അനുഭവിക്കുവാൻ അവക്കു സൌകര്യമേർപ്പെടുത്തിക്കൊടുക്കുന്നു, രണ്ടാമത്തെ ഓഹരി തങ്ങളുടെ ബന്ധുക്കൾക്കും ആശ്രിതന്മാക്കും ഉള്ളതാണ്. മൂന്നാമത്തേതു തൻെറ സ്വന്തവും. പിന്നീടവർ സുഖമാംവണ്ണം ആഹാരംകഴിക്കുകയായി. ആ ഉത്സവാവസരത്തിലേക്കനുയോജ്യമാംവണ്ണമുള്ള മററു ഉല്ലാസവിഹാരങ്ങളിലും അവർ വ്യാപൃതരാകുന്നതാണ്.

“ഈദുൽലുഹ”, പ്രസ്തുത അഭിധാനം സൂചിപ്പിക്കുംവിധം, ഒരു ത്യാഗോത്സവമാണ്, മുസ്ലിമീങ്ങൾ അതിനെ, മാനുഷചരിത്രത്തിൽ ഏററവും മഹനീയമായ ത്യാഗത്തെ— ഇസ്ലാമിൻെറ ആദ്യത്തെ സ്ഥാപകനായ ഇബ്രാഹിംനബിയുടെ കറകളഞ്ഞ മാതൃകയെ— കൊണ്ടാടുന്നതിന്നു പ്രതിവർഷം ആഘോഷിക്കുന്നു.

വിഗ്രഹാരാധനയും ബഹുദൈവവിശ്വാസവും ഭൂമുഖത്തിൽ സർവ്വത്ര പ്രചുരപ്രചാരത്തിലിരുന്ന ആ അതീതഭൂതകാലത്തു അധിജീവിച്ച ആ പുണ്യപ്രവാചകൻ അല്ലാഹുവിൻെറ ഏകത്വത്തിൽ അചഞ്ചലം വിശ്വസിച്ചു. അദ്ദേഹമാണു മെക്കയിൽ അല്ലാഹുവിൻെറ ആദ്യത്തെ ആരാധനാമന്ദിരം ഏർപ്പെടുത്തിയതു്; പ്രസ്തുത സ്ഥലത്തേക്കു തീർത്ഥയാത്രചെയ്യുവാൻ ദൈവം മുസ്ലിമീങ്ങളോടാജ്ഞാപിച്ചു. മററു സകലത്തിനേയുംകാൾ ഉത്തുംഗമായ ഒരു സ്ഥാനത്തു ദൈവത്തെ കരുതിയ ഒരാളായിരുന്നു ഇബ്രാഹിംനബി(അ). തൻെറ ജീവിതത്തിൻെറ അന്ത്യയാമത്തിൽ, തനിക്കേററവും പ്രിയപ്പെട്ടതും അടുത്തതുമായ വസ്തു ബലിയർപ്പിക്കണമെന്നു അല്ലാഹു തന്നോടാജ്ഞാപിക്കുന്നതായി പലതവണ അദ്ദേഹത്തിന്നു് ദർശനമുണ്ടായെന്നാണ് പുരാണം ഘോഷിക്കുന്നതു്. പ്രവാചകതിരുമേനി തൻെറ സർവ്വസ്വവും ദൈവത്തിങ്കലർപ്പിച്ചിരുന്നു; അദ്ദേഹം ഏററവുമധികം സ്നേഹിച്ചിരുന്ന തൻെറ ഏക സന്താനമായ ഇസ്മായിൽ നബിയായിരുന്നു ശേഷിപ്പുണ്ടായിരുന്നതു. എങ്കിലും, ദൈവത്തിൻെറ ശാസനാനുസൃതം ഈ പുത്രനേപ്പോലും ബലിയർപ്പിക്കുവാൻ അദ്ദേഹം തയ്യാറായിരുന്നതാനും. അതിനാൽ, ദൈവത്തിൻെറ ഇച്ഛാനുസരണം അവിടുത്തെ സന്നിധാനത്തിൽ സ്വപുത്രനെ ബലികഴിക്കുവാനുദ്ദേശിക്കുന്നുവെന്നു് അദ്ദേഹം ഒരു ദിവസം പുത്രനെ അറിയിച്ചു. ഇസ്മായിൽ നബി ചെറുപ്പമായിരുന്നുവെങ്കിലും, അല്ലാഹുവിൻെറ ഇച്ഛക്കു വഴങ്ങുവാൻ താനും തയ്യാറാണെന്നു സ്വപിതാവിനെ അറിയിച്ചു. തദനുസരണം, ഇബ്രാഹിംനബി സ്വപുത്രനെ അറഫായിലെ കുന്നുമുകളിലേക്കു ആനയിച്ചു. അവിടെവെച്ചു അദ്ദേഹം ഖഡ്ഗത്തിന്നു് മൂച്ചവരുത്തി, അല്ലാഹുവിനോടുള്ള സേവനത്തെ കവച്ചുവെച്ചു പൈതൃകമായ തൻെറ വാത്സല്യം ഹൃദയത്തെ കീഴ്പ്പെടുത്താതിരിക്കേണ്ടതിലേക്ക്, തൻെറ

കണ്ണുകെട്ടി, ഇസ്മായിൽനബി സസന്തോഷം നീട്ടിക്കൊടുത്ത കഴുത്തിന്റെ നേരെ ഒന്നിലധികം തവണ ഖഡ്ഗമോങ്ങി. എന്നാൽ, ആ പിതാവും പുത്രനും പ്രത്യക്ഷപ്പെടുത്തിയ ത്യാഗസന്നദ്ധതയിൽ അതീവസന്തുഷ്ടനായ അല്ലാഹ്, ഒരു ആടിനെ പകരം ബലിയർപ്പിച്ചാൽ മതിയാവുന്നതാണെന്ന് കരുണാപുരസ്സരം അരുളിച്ചെയ്തു. തദവസരത്തിൽ ദൈവം ഇങ്ങിനെയാണ് അരുളിയത്:—

"അല്ലയോ ഇബ്രാഹിം, ദർശനത്തിന്റെ സത്യാവസ്ഥ നീ തീർച്ചയായും പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. സൽക്കർമ്മികൾക്കു നാം ഇങ്ങിനെയാണ് പ്രതിഫലം നൽകുന്നത്., തീർച്ചയായും ഇതൊരു തിക്തപരീക്ഷണമാണ്. ഈ വമ്പിച്ച ത്യാഗത്തിൽനിന്നു നാം നിന്നെ മുക്തനാക്കിയിരിക്കുന്നു., നിന്റെ ഈ മാതൃക ഇനിമേൽ ലോകത്തിനൊരു മാതൃകയായിരിക്കട്ടെ."

ഇബ്രാഹിംനബിയുടെ ഈ ത്യാഗസന്നദ്ധത ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും മുസ്ലിമീങ്ങളുടെയും ചരിത്രത്തിൽ ശോഭായമാനമായ സ്ഥാനം അലങ്കരിക്കുന്നുണ്ട്., അളവററ പ്രാധാന്യമാണതിനുള്ളത്. നരബലികൊണ്ടു തനിക്കു പാപമോചനം ലഭിക്കുമെന്നും, തന്നോടുള്ള ദൈവകോപം അവസാനിക്കുമെന്നും ആയിരുന്നു ആ അപരിഷ്കൃതയുഗത്തിൽ പരക്കെ ജനങ്ങളുടെ വിശ്വാസം.

നരബലിയെന്ന ക്രൂരകൃത്യത്തിന്റെ നിഷ്പ്രയോജനത്വം ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുന്നതിനായിരുന്നു കരുണാവാരിധിയായ അല്ലാഹു ഇബ്രാഹിംനബിയോടു ഒരു ആട്ടിനെ ബലിയർപ്പിക്കുവാനാവശ്യപ്പെട്ടത്. 'രക്തമോ മാംസമോ അല്ലാഹുവിന്റെ സമക്ഷമെത്തുന്നില്ല., ഭക്തി മാത്രമാണവിടത്തെ സന്നിധാനം പ്രാപിക്കുന്നത്'' എന്നു പരിശുദ്ധപുസ്തകം വ്യക്തമായി നിർദ്ദേശിക്കുമ്പോൾ, അതിന്റെ പ്രത്യക്ഷമായ അർത്ഥം, ഒരാൾ രക്തമോ മാംസമോകൊണ്ടു ചെയ്യുന്ന ബലിയല്ല, അതിനയാൾക്കു പ്രേരണ നൽകിയ ത്യാഗബുദ്ധിയാണ് ദൈവത്തെ സന്തുഷ്ടനാക്കുന്നത് എന്നാണ്. അതുകൊണ്ടുതന്നെ, പ്രവാചകനായ ഇബ്രാഹിംനബി അനുഷ്ഠിച്ച ഈ ബലികർമ്മം, നരബലിയിലുള്ള വിശ്വാസത്തിൽനിന്നു മനുഷ്യന്റെ മനസ്സ് മുക്തമായതിന്റെ ചരിത്രത്തിൽ പ്രഥമവും ചിരസ്ഥായിയുമായ ഘട്ടത്തെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു.

ദൈവഹിതം പരിപാലിക്കുന്നതു മനുഷ്യന്റെ ത്യാഗസന്നദ്ധതയിൽക്കൂടിയായിരിക്കണമെന്ന ഉത്തമപാഠമാണ് ത്യാഗോത്സവം നമ്മെ പഠിപ്പിക്കുന്നത്. ദൈവത്തെ സേവിക്കുന്നതിന്നാണ് അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചത്. ദൈവത്തിന്റെ സമക്ഷത്തിൽ പരിപൂർണ്ണമായി അടിപണിയുവാനാണ് ഇസ്ലാം ഉപദേശിക്കുന്നത്. അതുകൊണ്ടു ഒരു യഥാർത്ഥ മുസ്ലിമിന്റെ ജീവിതം ആത്മത്യാഗമായിരിക്കണം. മനുഷ്യന്റെ ക്ഷണികമായ ജീവിതകാലത്തു അവന്നു പലവിധ പരീക്ഷണങ്ങളും കഷ്ടതകളും അഭിമുഖീകരിക്കേണ്ടതുണ്ട്. എന്നാൽ പരീക്ഷണങ്ങൾ ദൈവത്തിന്റെ വിശ്വാസപ്രമാണങ്ങളാണെന്നവർ ധരിക്കണം. അതുകൊണ്ടു, ക്ഷമയോടും ദൈവത്തിന്റെ ഇച്ഛകൾ പരിപൂർണ്ണമായി വഴങ്ങിക്കൊണ്ടും അവയെല്ലാം സഹിക്കുക. കഷ്ടതകളുടെ ഇടക്കും നാം സൃഷ്ടാവിനോടുള്ള കർത്തവ്യം മറക്കരുത്. നമ്മുടെ സർവ്വസ്വവും ദൈവത്തിങ്കലർപ്പിക്കുകയാണെങ്കിൽ അതിന്റെ സുവർണ്ണഫലം അവിടുന്നു നമുക്കു നൽകുന്നതായിരിക്കും. അതിനാൽ ദൈവം നമുക്കു തന്നിട്ടുള്ളതു അവിടത്തെ ആഗ്രഹാനുസരണം ചെലവു ചെയ്യുവാൻ നാം സന്നദ്ധരായിരിക്കണം. നമ്മുടെ സർവ്വസ്വവും മനുഷ്യസഞ്ചയത്തിന്റെ സേവനത്തിനും സത്യപ്രചരണത്തിനും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

അതുകൊണ്ടു നിരുപദ്രവികളായ ജീവികളെ ബലികഴിച്ചതിന്നു സുഖിച്ചു "ഈദുൽലുഹാ" ആഘോഷിക്കുകയാണെങ്കിൽ ഈ വാക്കിലടങ്ങിയ അക്ഷരം മാത്രമാണ് നാം അനുഷ്ഠിക്കുന്നത് എന്നു മനസ്സിലാക്കി ഇത്തരം ആഘോഷംകൊണ്ടു മാത്രം സംതൃപ്തരാകാതിരിക്കുക. "ത്യാഗശോഭനമായ സദ്യ" എന്നതിലടങ്ങിയ ആന്തരാർത്ഥം മനസ്സിലാക്കേണ്ടതു നമ്മുടെ കടമയാണ്. നാം നേർവഴിയിൽനിന്നുതെററി സർവ്വതും ഒരു പ്രഹസനമായി അധ:പതിപ്പിക്കരുത്. സൃഷ്ടാവിനോടുള്ള നമ്മുടെ കടമയെ പ്രതിവർഷവും ഓർമ്മിപ്പിക്കുവാനുള്ള ഒരു അവസരമാണിതെന്ന് നാം ഓർക്കേണ്ടതാണ്. ഇസ്ലാമിന്റെ മഹത്വത്തിനും ദൈവത്തിന്റെ ആജ്ഞക്കും അനുസൃതമായി നമ്മുടെ ഏററവും പ്രിയപ്പെട്ടതുപോലും ബലിയർപ്പിക്കുവാൻ നാം ഒരുക്കമാണെന്ന നമ്മുടെ പ്രതിജ്ഞ പ്രതിവർഷവും നമുക്കാവർത്തിക്കുക. *

* ഡക്കാൻ ടൈംസിൽനിന്ന് സംഗ്രഹിച്ചത്

ആശ്ചര്യം! ആശ്ചര്യം!!

(ലോകാവലോകി)

അന്വേഷണത്തിൽനിന്നു കണ്ടുപിടുത്തം

ലോകത്തിൽ പല കണ്ടുപിടുത്തങ്ങളും കേവലം യാദൃച്ഛികമായി നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്, അതായതു കണ്ടുപിടിക്കുന്ന ആൾ അവയ്ക്കായി പരിശ്രമിക്കാതെ തന്നെ താറിൽനിന്നു കിട്ടുന്ന ഒരു മധുരപദാർത്ഥമായ "സാക്കറിൻ" ഇപ്രകാരം കണ്ടുപിടിക്കപ്പെട്ടതാണ്. അമേരിക്കയിലെ ജോൺ ഹോപ്കിൻസ് സർവ്വകലാശാലയിലെ ഒരു രസതന്ത്രജ്ഞനായ ഫാൾബർഗ്ഗിന്നാണ് ഇതിനുള്ള ഭാഗ്യമുണ്ടായതു്. അതെങ്ങിനെയാണെന്നു നോക്കുക-കോൾടാർ സംബന്ധിച്ച് തന്റെ ദ്രവ്യപരിശോധനശാലയിൽവെച്ച് ചില ഗവേഷണങ്ങൾ കഴിച്ച് അദ്ദേഹം വീട്ടിലെത്തി, ലഘുഭക്ഷണം കഴിക്കുമ്പോൾ അപ്പം പതിവിലധികം മധുരമുള്ളതായികണ്ടു. ഭാര്യയോടു പഞ്ചസാര അധികം ചേർത്തുവോ എന്നു ചോദിച്ചതിന്ന് നിഷേധരൂപത്തിലുള്ള മറുപടിയാണ് കിട്ടിയതു്. അതു മാത്രമല്ല, അപ്പം ഭാര്യ തന്നെ പൊട്ടിച്ചുകൊടുത്തപ്പോൾ അതു സാധാരണയുള്ള മധുരമെ ഉള്ളുവെന്നും കണ്ടു. തന്റെ കയ്യിൽ വല്ല മധുരപദാർത്ഥങ്ങളും പററിയിട്ടുണ്ടോ എന്നദ്ദേഹം പരിശോധിച്ചു. കാണത്തക്കതായി ഒന്നും ഇല്ലായിരുന്നു. ദ്രവ്യപരിശോധശാലയിൽനിന്നും താൻ കോൾടാർമാത്രം തൊട്ടു പ്രവൃത്തിയെടുത്തതെയുള്ളുതാനും. എന്നാൽ മററൊരുവിധത്തിലും പ്രസ്തുത മധുരിമ തന്റെ കൈക്കു വരാൻ വഴിയില്ലാത്തതിനാൽ അതു കോൾട്ടാറിൽ ഗൂഢമായി ലയിച്ചുകിടക്കുന്ന ഒരു വസ്തുവായിരിക്കണം എന്നദ്ദേഹം തീർച്ചപ്പെടുത്തി. ആ വഴിക്കു തന്റെ ഗവേഷണം തിരിച്ചു. അങ്ങിനെ കോൾട്ടാറിൽനിന്നു പഞ്ചസാരയേക്കാൾ മധുരമുള്ളതായ 'സാക്കറിൻ' കണ്ടുപിടിക്കപ്പെട്ടു. ഇപ്പോൾ അതു ധാരാളമായി ഉണ്ടാക്കിവരുന്നുണ്ട്. പക്ഷെ ആഹാരപരമായിനോക്കുകയാണെങ്കിൽ പഞ്ചസാരയുടെ അത്ര ഗുണം അതിന്നില്ലത്രെ എങ്കിലും അന്യരാജ്യങ്ങളിൽനിന്നു പഞ്ചസാര ലഭിക്കാത്ത യുദ്ധകാലങ്ങളിലും മററും അതു വളരെ ഉപയോഗപ്രദമാണല്ലോ.

ആകാശത്തിൽനിന്നു് ഇരുമ്പ് വീഴുന്നു

മഴക്കാലത്തു് അന്തരീക്ഷത്തിൽനിന്നു 'ആലിപ്പഴം' (തമിഴിൽ പായുകയാണെങ്കിൽ 'ആലാങ്കട്ട') വീഴുന്നതു പലരും കണ്ടിട്ടും കേട്ടിട്ടും ഉണ്ടായിരിക്കും. എന്നാൽ ആകാശത്തിൽനിന്നു ഇരുമ്പ് വീഴുന്നതു പലർക്കും ഒരു പുതിയ വിവരമായിരിക്കും. നാം ചിലപ്പോൾ ആകാശത്തിൽനിന്നു നക്ഷത്രങ്ങൾ പാറുന്നതു, അഥവാ വീഴുന്നതു കാണാറുണ്ടല്ലോ. ഇവ പാറക്കഷണങ്ങളും ഇരുമ്പുകട്ടകളോ ആണെന്നുപറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? എന്നാൽ വാസ്തവം അതാണ്. നാം പാറുന്നതായി കാണുന്നവ നക്ഷത്രങ്ങൾ പോലെതന്നെ ഒരുതരം ജ്യോതിർഗ്ഗോളങ്ങളാണ് സൌരമണ്ഡലത്തിന്റെ ഒരു വിഭാഗവുമാണ്. എന്നാൽ ഈ ഗോളങ്ങളുടെ ഘടന ശിലയും ആയസവുംകൊണ്ടാണ്. ഈയത്തിന്റെ അംശവും ഉണ്ട്. ഇവയിൽനിന്നു അടർന്നുവീഴുന്ന ഖണ്ഡങ്ങളാണ് നാം ചിലപ്പോൾ മേൽപറഞ്ഞവിധത്തിൽ പറക്കുന്നതുപോലെ കാണുന്നതു്. ഇവ പാടലങ്ങളിലും വീഴാറുണ്ട്. ഇവയുടെ വലുപ്പമനുസരിച്ചു ഇവ വീഴുന്നേടത്തു ചിലപ്പോൾ നാശങ്ങൾ ഉണ്ടാകാറുണ്ട്. വൻഗർത്തങ്ങളുണ്ടാവാനും ഹേതുഭൂതമാകുന്നു. വടക്കെ അമേരിക്കയിൽ കലിഫോർണിയായിൽ ഇത്തരമൊരു വമ്പിച്ച കുഴി ഇപ്പോഴും ഉണ്ട്. ഇന്ത്യയിൽതന്നെ അടുത്തകാലത്തു ഇത്തരമൊരു സംഭവം നടന്നിട്ടുണ്ട്. 1934-ൽ മൊറാദബാദ് ജില്ലയിൽ 23റാത്തൽ ഘനമുള്ള ഒരു ആയസഖണ്ഡം ഇപ്രകാരം വീഴുകയുണ്ടായി— ഭൂമിയിൽ ഇരുമ്പുണ്ടായതുതന്നെ ഇപ്രകാരമാണെന്നത്രെ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

മുയലുകൾ മരത്തിന്മേൽ പാർക്കുന്നു

സാധാരണയായി മുയലുകൾ കുററിക്കാടുകളിലാണല്ലോ അധിവസിക്കാറ്. എന്നാൽ അവക്കു മരത്തിന്മേൽ കൂടുകെട്ടി താമസിക്കുവാൻ സാദ്ധ്യമാണെന്നു ആഫ്രിക്കയിലെ അവരുടെ കൂട്ടുകാർ തെളിയിച്ചിരിക്കുന്നു. നയാഗ്ര നദിയിലുള്ള ഗ്രാൻഡ് അയ്‌ലണ്ട് എന്ന ദ്വീപിൽ ഒരു വളഞ്ഞ മരത്തിന്മേൽ $12\frac{1}{2}$ അടി പൊക്കത്തിൽ ഒരു കൂട്ടിൽ കുറച്ചു മുയലുകളെ കണ്ടെത്തിയിരിക്കുന്നു. ഇങ്ങിനെ മരത്തിന്മേൽ ഇത്ര ഉയരത്തിൽ മുയലുകൾ അധിവാസമുറപ്പിച്ചതായി ഇതുവരെ വേറെ എവിടെയും കേട്ടിട്ടില്ല.

തലച്ചോററിനുള്ളിൽ കമ്പിയില്ലാക്കമ്പി!

അതെ, അതു അവിടെയും കടന്നു പക്ഷെ കടത്തിയതു മനുഷ്യനല്ല. മനുഷ്യന്റെ കണ്ടുപിടുത്തങ്ങൾ നോക്കിക്കൊണ്ടിരിക്കുന്ന സൃഷ്ടികർത്താവിന്നു അവനോടു ദയതോന്നി, ബുദ്ധിമുട്ടി യന്ത്രങ്ങളൊക്കെ ഉണ്ടാക്കുന്നതിൽനിന്നു ഒരു പോംവഴിയായി, ഒരു മനുഷ്യന്റെ തലച്ചോറിനുള്ളിൽതന്നെ ആ പരമകാരുണിക

ൻ വെച്ചുകൊടുത്ത ഒരേർപ്പാടാണ്. എന്താണതെന്നോ? ലോകത്തിൽ സർവ്വദിക്കിൽനിന്നും റേഡിയോ മുഖാന്തരം പ്രക്ഷേപണംചെയ്യുന്ന പാട്ടുകളും പ്രസംഗങ്ങളും കേൾക്കുവാനുള്ള ശക്തി തലച്ചോററിന്നുണ്ടാക്കിട്ടാണത്രെ സൃഷ്ടിച്ചുവിട്ടതു്! പോരെ പൂരം! സ്വീകരിണിയന്ത്രവും വേണ്ട ഒരു മണ്ണാങ്കട്ടയും വേണ്ട. അനങ്ങാതൊരു ദിക്കിൽ ഇരുന്നാൽ മതി; അതാ, കേൾക്കുന്നു പാട്ടുകളും പ്രസംഗങ്ങളും! ഇനി ഇരിക്കേണമെന്നുതന്നെയില്ല; നടക്കുകയോ കിടക്കുകയോ, ഓടുകയോ എന്തുവേണമെങ്കിലും ചെയ്യാം. സർവ്വഭാഷകളിലും ഉള്ള പ്രക്ഷേപണങ്ങളും കേട്ടുകൊണ്ടുതന്നെ ഇരിക്കും! പക്ഷെ ഇടതടവില്ലാതെ നിരന്തരം ഇതു കേട്ടുകൊണ്ടുതന്നെ ഇരിക്കേണ്ടിവന്നാലോ? തലയുടെ "സ്ക്രൂ" ലൂസ്സായിപ്പോവില്ലേ! അതു നിർത്തുവാനോ തടയുവാനോ ഉള്ള യാതൊരേർപ്പാടും ആ പടച്ചവൻ അതിൽ വെച്ചില്ല. അതാണു തകരാറായതു്. അനുഗ്രഹം അചിരേണ ശാപമായിത്തീർന്നു. അതുകൊണ്ടു സൊല്ല വർദ്ധിച്ചപ്പോൾ, "ബാലൻസ്" തെററായപ്പോൾ, രോഗിക്കു് മനുഷ്യാവയവങ്ങളെക്കൊണ്ടു സൃഷ്ടിസ്ഥിതി സംഹാരം നിർവ്വഹിക്കുന്ന ഭൂലോകഡോക്ടർമാരുടെ സഹായം തേടേണ്ടിവന്നു. അവർ ആ 'റേഡിയോ മനുഷ്യന്റെ' തലച്ചോററിന്നു ഒരു ശസ്ത്രക്രിയനടത്തി, ഒരു ഇരുമ്പു് തകിടു് വെച്ചു് പിടിപ്പിച്ചു്, പ്രസംഗഗാനാദികളെ വഹിച്ചുകൊണ്ടുവരുന്ന സന്ദേശവാഹിനികളായ ശബ്ദതരംഗങ്ങളെ പിടിച്ചുകയററുന്നതിന്നുപകരം മടക്കി അയക്കാനുള്ള ഒരേർപ്പാടു് ചെയ്തു. രോഗിയുടെ സുഖക്കേടു ഭേദമായി! പക്ഷെ, പടച്ചവനിൽനിന്നു ലഭിച്ച ആ അമാനുഷികസിദ്ധി നഷ്ടപ്പെട്ടു!

ഇനി ഈ മനുഷ്യൻ എവിടെയാണെന്നല്ല നിങ്ങൾക്കറിയേണ്ടതു്. ദിവ്യദൃക്കിന്നു് സമമായി ബഹുസഹസ്രം നാഴിക ദൂരെ നടക്കുന്ന സംഭവങ്ങൾ കണ്ടുകൊണ്ടിരിക്കുവാൻ സഹായിക്കുന്ന വിദൂരദർശിനി (Television) കണ്ടുപിടിച്ച ആ മഹാനുഭാവന്റെ രാജ്യത്താണു്. അതെ, ഇംഗ്ലണ്ടിൽ! ക്ലെവ്‌ലണ്ട് ആസ്പത്രിയിൽവെച്ചാണു് പ്രസ്തുത രോഗിക്കു് ശസ്ത്രക്രിയനടത്തി ഡോക്ടർമാർ വിജയിച്ചതു്!

:0:

മൂകരാഗം

സി. ആർ. കുഞ്ഞുണ്ണി

"ടിക്കറ്റ് വേണോ, ടിക്കറ്റ്"

ഞങ്ങൾ തിരിഞ്ഞുനോക്കി. കാൽഡസൻ പെൺകുട്ടികളുണ്ട് ഞങ്ങളുടെ ആപ്പീസിന്റെ മുമ്പിൽ മന്ദസ്മിതംതൂകി ലജ്ജാവതികളായി നില്ക്കുന്നു.

"എന്ത് ടിക്കറ്റ്, കൊണ്ടുവരിൻ" ജോസ്സ് ആ ചിത്രശലഭങ്ങളെ അകത്തേക്ക് ക്ഷണിച്ചു. അയാൾ തുടർന്നു: "വിവിധവിനോദ പ്രദർശനങ്ങൾ പട്ടണത്തിലെ ഒരു 'ഷോറാ' യിത്തീർന്നിരിക്കുന്നു. എവിടെനോക്കിയാലും ഇതുതന്നെ."

"ഇക്കാലത്ത് പണമുണ്ടാക്കാനുള്ള ഒരു പരിഷ്കൃത ചൂഷണമാണിത്" ഒരു സ്നേഹിതൻ തന്റെ അഭിപ്രായം പ്രകടിപ്പിച്ചു.

'ഒരു നല്ല കാര്യത്തിനല്ലേ.' 'ടിക്കറ്റുകൾക്ക് എന്താണ്‌വില' ഞാനും ആ സംഭാഷണങ്ങളിൽ പങ്കെടുത്തു.

ആ കൂട്ടത്തിൽവെച്ച് മിടുക്കും ചുറുചുറുക്കുമുള്ള ഒരു പെൺകുട്ടി മുന്നോട്ട് വന്ന് തന്റെ പക്കലുള്ള കടലാസ്സ്പെട്ടി മേശപ്പുറത്തുവെച്ചു തുറന്നു. കണ്ണിലേക്ക് ഉതിർന്നുവീണ അളകങ്ങൾ പിന്നോക്കം മാടിവെച്ചുകൊണ്ട് അവൾ ടിക്കറ്റിന്റെ വില പറഞ്ഞു.

'5ക, 3ക, 2ക, 1ക, ഏതുവേണം'

ടിക്കറ്റ് വാങ്ങണമെന്ന് ഞങ്ങൾക്കഭിപ്രായമില്ലായിരുന്നു. പക്ഷെ ആ കുട്ടികൾ വെറുതെ ഒഴിഞ്ഞുപോകുന്നകൂട്ടത്തിലല്ല. ഒരുറുപ്പികയുടെ 2 ടിക്കറ്റുകൾ മതിയെന്ന എന്റെ അഭിപ്രായമനുസരിച്ച് ആ പെൺകുട്ടി രണ്ടു ഒരുറുപ്പിക ടിക്കറ്റുകൾ എടുത്തു.

പെട്ടെന്ന് പിന്നിൽനിന്നൊരു തോണ്ടൽ. ആ കുട്ടി പിന്നോക്കം തിരിഞ്ഞു. മററു രണ്ടുകുട്ടികൾ ചെവിയിൽ മന്ത്രിച്ചു. 3ക.യുടെ രണ്ടു ടിക്കറ്റെങ്കിലും എടുപ്പിക്കാനുള്ള ഒരു ഉപദേശമായിരുന്നു അതെന്ന് ഞങ്ങൾക്ക് മനസ്സിലായി.

"വേണ്ട, ഒരുറുപ്പികയുടെ രണ്ടു ടിക്കറ്റുകൾ മതി,' ഞാൻ കാര്യമവസാനിപ്പിച്ചു.

കുട്ടികൾ വിടാൻ ഭാവമില്ല. അവർ വാദിച്ചു. ജോസ്സ് പ്രസംഗിച്ചു. കാര്യമുണ്ടായില്ല. ഞങ്ങൾ പരാജിതരായി. 3ക.യുടെതന്നെ രണ്ടു ടിക്കറ്റുകൾ എടുക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി.

ഞങ്ങളുടെ ഈ സംഭാഷണത്തിൽ ഒരു പെൺകുട്ടിമാത്രം പങ്കെടുത്തില്ല. അവളാണ് ആ കൂട്ടത്തിൽ മുതിർന്നവൾ. പതിനഞ്ചു വയസ്സു കാണും. അവൾ ഞങ്ങൾ സംസാരിക്കുമ്പോൾ ഇടക്ക് ഒന്നു മന്ദസ്മിതം തൂകും.

'ആ കുട്ടിയെന്താണ് മിണ്ടാതെ ദൂരത്ത് നില്ക്കുന്നത്. ഇങ്ങിനെയുള്ള ആളുകൾ ടിക്കറ്റ് വില്ക്കാൻ നടന്നാൽ വളരെ ചെലവാവും!" ജോസ്സ് അഭിപ്രായപ്പെട്ടു.

"ഓ! ലില്ലി അങ്ങിനെതന്ന്യാ. അധികമാരോടും സംസാരിക്കയില്ല." കൂട്ടത്തിലുള്ള മാധവി ഉത്തരം പറഞ്ഞു.

ജോസ്സ് ലില്ലിയെ ധാരാളം കണ്ടിട്ടുണ്ട്. പക്ഷെ അവർ സംസാരിച്ചിട്ടില്ല. അവളുടെ വീട്ടിന്റെ അടുക്കൽക്കൂടിയാണ് ജോസ്സിനു വീട്ടിൽ പോകേണ്ടത്. അവളായി പരിചയപ്പെടുവാൻ ഈ സന്ദർഭം ഉപയോഗിക്കണമെന്നാണ് ജോസ്സിന്റെ ആഗ്രഹം. അയാൾ എന്റെ ചെവിയിൽ മന്ത്രിച്ചു. ഞാൻ ഒന്നു പതുക്കെ മൂളി.

"പണം ഇപ്പോളില്ല. നാളെ വരിൻ" ഞാൻ അവരോടു പറഞ്ഞു. അവരതു സമ്മതിച്ചു.

"വരൂ കുട്ടി, നേരം ഏത്രയായി" ലില്ലി ആദ്യം വാതിൽ കടന്നു. മററു രണ്ടുപേരും അവളെ അനുഗമിച്ചു.

'എത്ര വാചാലതയുള്ള കുട്ടികൾ! അവരെ ഒന്നുരണ്ടു പ്രാവശ്യം നടത്തിക്കണം." ജോസ്സ് അഭിപ്രായപ്പെട്ടു.

"എന്തിന്?"

"ചുമ്മാ അവരുടെ സംഭാഷണം കേൾക്കാൻ. അവരുടെ ഇംഗ്ലീഷ് സംസാരം കേൾക്കാൻ ബഹുരസമുണ്ട്"

പിറേറദിവസവും കുട്ടികൾ ടിക്കറ്റിന്റെ പണത്തിനു വന്നു. ലില്ലി ഇന്നലത്തെ മൗനം ഭജിച്ചു.

"വിവിധവിനോദപ്രദർശനത്തിലെ ഇനങ്ങൾ എന്തെല്ലാമാണ്." ജോസ്സ്തന്നെ ഇന്നും പ്രസംഗമാരംഭിച്ചു.

"നൃത്തം, ഫാർസ്, ടാബ്ലോ, മീരാഭായി എന്ന നാടകം" മിടുക്കിയായ മാധവി അനുക്ഷണം ഉത്തരംപറഞ്ഞു.

"നിങ്ങൾക്ക് ഡ്രാമയിൽ പങ്കുണ്ടോ?" ജോസ്സ് ചോദിച്ചു.

“മീരയാണ് ഇതു് നില്ക്കുന്നതു്” ലില്ലിയെ ചൂണ്ടിക്കാണിച്ച് മാധവി ചിരിച്ചു. ലില്ലി നമ്രമുഖിയായി.

“പൈസ വേഗം തരൂ; ഞങ്ങൾക്ക് വേഗം പോകണം. സിസ്റ്റർ ഞങ്ങളെ വഴക്കു പറയും” ലില്ലി അല്പം പരിഭവം പ്രകടിപ്പിച്ചു.

“ഓ! ലില്ലിക്ക് ഡ്രാമയിലും മററും ആക്ട് ചെയ്യണമല്ലോ.” ജോസ്സ് ലില്ലിയെ കളിയാക്കി. ലില്ലി തന്റെ ചിരി തുവാലയിൽ അടക്കി.

കോൺവെൻറ് ഹൈസ്കൂളിന്റെ വാർഷികദിനം സംബന്ധിച്ചായിരുന്നു വിവിധ വിനോദപ്രദർശനം. ഞങ്ങൾ വൈകുന്നേരം കൃത്യം 5 മണിക്ക് കോൺവെൻറിന്റെ പടിക്കൽ ഹാജരായി. സന്യാസസേവികയായ ഒരു യുവതി സഗൗരവം ഞങ്ങളോട് ടിക്കററുകൾ കാണിക്കുവാനാവശ്യപ്പെട്ടു. ഞങ്ങൾ ടിക്കററ് കാണിച്ച് അകത്തേക്ക് പ്രവേശിച്ചു. പക്ഷെ അത്രവേഗം ഉള്ളോട്ടുപോകാൻ നിവൃത്തിയില്ല. ഒരു നൂറുതരം ഫണ്ടുകളിലേക്കുള്ള പിരിവിന്നായി പെൺകുട്ടികൾ സോപ്പുപെട്ടികളിൽ പലതരം ടിക്കററുകളായി നില്ക്കുന്നുണ്ട്. അവർ ഞങ്ങളെ വളഞ്ഞു. ഓരോ തരം ടിക്കററും ഞങ്ങൾ വാങ്ങണം. ഞങ്ങൾ കഷ്ടത്തിലായി. രണ്ടു ടിക്കററുകൾ പിന്നെയും വാങ്ങേണ്ടിവന്നു.

“ഇത് തനി ചൂഷണം തന്നെയാണ്” ജോസ്സ് തന്റെ പ്രതിഷേധം രേഖപ്പെടുത്തി. പെൺകുട്ടികൾ ചിരിയോടു ചിരി. അവർക്ക് ജോസ്സിന്റെ ഭാഷ പുത്തരിയാണ്. ഞങ്ങൾ പ്രദർശനശാലയിലെത്തി. ലില്ലിയും കൂട്ടരും അവിടെ തയ്യാർ. ലില്ലിയുടെ മന്ദസ്മിതം ഞങ്ങൾക്ക് സ്വാഗതമരുളി.

ഞങ്ങൾ സ്റ്റേജിന്റെ കഴിയുന്നത്ര മുമ്പിൽ സ്ഥലം പിടിച്ചു. ഇടക്കിടക്ക് ലില്ലിയും ചങ്ങാതിമാരും ഞങ്ങളുടെ അടുത്തുകൂടി അങ്ങുമിങ്ങും നടന്നിരുന്നു. ജോസിനെ കാണുമ്പോൾ അവർ മന്ദസ്മിതം തൂകും.

വിദ്യാർത്ഥികളേയും അദ്ധ്യാപികമാരെയും ഏററവും നല്ല വേഷത്തിൽ അന്നാണ് കാണുവാൻ കഴിയുക. ഉദ്യോഗസ്ഥന്മാർ, അനുദ്യോഗസ്ഥന്മാർ, കച്ചവടക്കാർ, ജന്മികൾ എന്നിങ്ങനെ വമ്പിച്ച ഒരു ജനസംഘം പ്രദർശനത്തിനു സന്നിഹിതരായിരുന്നു. കോൺവെൻറിലെ അദ്ധ്യാപികമാർ ആഗതരെ സ്വാഗതം ചെയ്യുവാൻ ഓരോ പ്രത്യേക സ്ഥലങ്ങളിൽ നിന്നിരുന്നു. വാസ്തവത്തിൽ ആ പ്രദർശനം ഒരു മഹാമഹം തന്നെയായിരുന്നു.

പ്രദർശനത്തിലെ പല ചടങ്ങുകളും കഴിഞ്ഞു. നാടകം തുടങ്ങി. ഞങ്ങൾ അത് പ്രതീക്ഷിച്ചിരിക്കയാണ്. അതാ മീരാബായിയുടെ വരവ്. മീരയുടെ ഗാനധോരണി സദസ്യരെ പുളകംകൊള്ളിച്ചു.

“ലില്ലിക്ക് ഇത്ര നന്നായി പാടുവാൻ കഴിയുമോ?” ജോസ്സ് അത്ഭുതത്തോടുകൂടി എന്റെ ചെവിയിൽ മന്ത്രിച്ചു. ഞാൻ ഒന്നു തലകുലുക്കുക മാത്രം ചെയ്തു. മീര ഞങ്ങളെ കണ്ടു. പക്ഷെ ശോകരസം നടിച്ചിരുന്ന മീരയുടെ മുഖത്തിൽ യാതൊരു ഭാവഭേദവും കണ്ടില്ല.

“എന്തൊരു നടനചാതുര്യം!” ജോസ്സ് വീണ്ടും എന്നെ തോണ്ടിക്കൊണ്ടു അത്ഭുതപ്പെട്ടു. അന്നത്തെ നാടകവും അങ്ങിനെ കഴിഞ്ഞു.

ജോസ്സ് തന്റെ വീട്ടിലേക്ക് മടങ്ങുംവഴി ദിവസവും ലില്ലി സ്കൂൾവിട്ടു വീട്ടിലേക്ക് മടങ്ങുന്നത് കാണാറുണ്ട്. അന്നൊരു ദിവസം അവർ വീണ്ടും കണ്ടുമുട്ടി. ലില്ലി ലജ്ജാവിവശയായി.

“മീര വീട്ടിലേക്ക് മടങ്ങുകയാ?” ജോസ്സ് കളിയാക്കിക്കൊണ്ട് ചോദിച്ചു. അവൾ ഒന്നു ചിരിച്ചുകൊണ്ട് ഉത്തരമൊന്നും പറയാതെ കടന്നുപോയി. അങ്ങിനെ അവർ ദിവസേന കാണുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

II

ലില്ലിയുടെ പിതാവ് ഒരു സ്കൂൾമാസ്റ്ററാണ്. വയസ്സനായ അദ്ദേഹത്തിനു ലില്ലി ഒരു സന്താനം മാത്രമേയുള്ളു. അയാളുടെ ഭാര്യ മരിച്ചിട്ടു കൊല്ലങ്ങൾ പത്തു കഴിഞ്ഞു. അദ്ദേഹം പുനർവിവാഹത്തെപ്പററി ചിന്തിച്ചിട്ടേ ഇല്ല. ലില്ലി പത്താം ക്ലാസ്സിലാണ് വായിക്കുന്നത്. പാസ്സായാൽ അവളെ കന്യകാസ്ത്രീയായി കോൺവെൻറിൽ ചേർക്കണമെന്നും അങ്ങിനെ തന്റെ മകളെ ദൈവതൃപ്പാദങ്ങളിൽ സമർപ്പിച്ച് ശിഷ്ടമുള്ള തന്റെ ജീവിതം സമാധാനപരമായി കഴിക്കണമെന്നുമാണ് ലില്ലിയുടെ പിതാവ് ആഗ്രഹിക്കുന്നത്. അദ്ദേഹം ഭക്തനും മുരടിച്ച ഒരു യാഥാസ്ഥിതികനുമാണ്.

ജോസ്സിനെ അദ്ദേഹം അറിയും. ജോസ്സ് ബി. എ. പാസ്സായിട്ടും യാതൊരുദ്യോഗവും നോക്കാതെ ഒരു രാഷ്ട്രീയ പ്രക്ഷോഭകാരിയായി നടക്കുന്നതിൽ അദ്ദേഹത്തിന്നത്ഭുതം തോന്നീട്ടുണ്ട്. തന്റെ സ്കൂൾ വിട്ടു വീട്ടിലേക്ക് മടങ്ങുംവഴി അദ്ദേഹം വല്ല പൊതുയോഗങ്ങളുമുണ്ടെങ്കിൽ അതിൽ സംബന്ധിക്കാറുണ്ട്. രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹം അനുഭാവം പ്രകടിപ്പിക്കുന്ന കൂട്ടത്തിലാണ്. ജോസ്സിന്റെ സമുജ്ജ്വല പ്രസംഗങ്ങൾ അദ്ദേഹം എത്രയോ കേട്ടിട്ടുണ്ട്. സുമുഖനും വാഗ്മിയുമായ ജോസ്സിനെ മാസ്റ്റർക്ക് വലിയ പ്രിയമാണ്.

ഒരു ദിവസം ജോസ്സ് എങ്ങോട്ടോ പോകുമ്പോൾ മാസ്റ്റർ ജോസ്സിനെ വിളിച്ചു തലേ ദിവസം യോഗത്തിൽനടന്ന ബഹളത്തെക്കുറിച്ചു അന്വേഷിച്ചു. അതു നല്ലൊരവസരമാണെന്നു ജോസ്സ് കരുതി. അയാൾ പടികടക്കുന്നത് ലില്ലി നോക്കിക്കൊണ്ടിരുന്നു. അവളുടെ പുഞ്ചിരിയാണ് അയാളെ ആദ്യം സ്വാഗതം ചെയ്തത്.

മാസ്റ്ററും ജോസ്സും സംഭാഷണത്തിലേർപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യം മുതൽ പട്ടണത്തിലെ പൊടിയുടെ ശല്യംവരെയുള്ള കാര്യങ്ങൾ അവരുടെ സംഭാഷണവിഷയങ്ങളായി.

"മോളെ, കുറച്ചു ചായ ഉണ്ടാക്കിക്കൊണ്ടുവരൂ." പിതാവ് അടുത്ത് നിന്നിരുന്ന മകളോട് ആജ്ഞാപിച്ചു. ഉടനെ രണ്ടു പാത്രങ്ങളിൽ ചായയുംകൊണ്ടു ലില്ലി പ്രവേശിച്ചു.

"ലില്ലി ഒരൊന്നാംതരം പാട്ടുകാരിയാണല്ലോ. മീരയുടെ ഭാഗം അഭിനയിച്ചത് വളരെ നന്നായിട്ടുണ്ട്." ചായ പകുതി കുടിച്ചുകൊണ്ടു ജോസ്സ് തൻറെ കലാപാടവം വെളിവാക്കി.

ലില്ലി ആനന്ദപുളകിതയായി വാതിലിൻറെ പിറകിലേക്ക് നീങ്ങി. മുഖസ്തുതിയിൽ മയങ്ങാത്ത സ്ത്രീകളില്ലല്ലോ.

"അതെ അവളുടെ ഗാനങ്ങളാണ് എനിക്ക് ഈ വയസ്സുകാലത്ത് സമാധാനം നൽകുന്നത്. കന്യകാമറിയത്തെപ്പററിയുള്ള കീർത്തനങ്ങൾ പാടുന്നതിന് അവൾ വിദഗ്ദ്ധയാണ്" മാസ്റ്റർ ചായപ്പാത്രം മേശമേൽ വെച്ചുകൊണ്ട് ഒരു ദീർഘശ്വാസത്തോടുകൂടി കസേരയിലേക്ക് ചാഞ്ഞു. കുറച്ചു കഴിഞ്ഞശേഷം അദ്ദേഹം തുടർന്നു. "അവളുടെ അമ്മയും നല്ല പാട്ടുകാരിയായിരുന്നു. ലില്ലിക്കു പാടാനും വയലിൻ (വീണ) വായിക്കാനും നന്നായറിയാം.

ഇക്കൊല്ലം പാസ്സായാൽ ലില്ലിയെ മഠത്തിൽ ചേർക്കണമെന്നാണ് വിചാരം.

ജോസ്സ് ഒന്നു ഞെട്ടി. അയാൾ ലില്ലിയുടെ മുഖത്തേക്ക് നോക്കി. ആ മുഖം അപ്രസന്നമായിരുന്നു.

"എനിക്ക് വയസ്സായി. ഞാൻ പെട്ടെന്നു മരിച്ചാൽ അവൾക്കാരാണ് ആശ്രയം" മാസ്റ്റർ ഒരു ദീർഘശ്വാസത്തോടുകൂടി പറഞ്ഞു.

"അതുകൊണ്ടു കന്യാസ്ത്രീയാക്കണമെന്നുണ്ടോ? അവളെ ആർക്കെങ്കിലും വിവാഹംകഴിച്ചു കൊടുക്കരുതോ? അപ്പോൾ നിങ്ങൾക്ക് സമാധാനമായല്ലോ" ജോസ്സ് ഒരു മാദ്ധ്യസ്ഥവേഷത്തിൽ വൃദ്ധൻറെ ഹൃദയം പരിശോധിച്ചു.

"അവൾക്ക് കല്യാണം കഴിക്കുന്നതിൽ ഇഷ്ടമില്ല. തന്നെയുമല്ല എനിക്കവളെ മഠത്തിൽ ചേർക്കണമെന്നാണ് മോഹം. അവൾ ജനിച്ച അന്നുതന്നെ ഞാൻ അങ്ങിനെ നേർന്നിട്ടുണ്ട്. അവൾ പിതാവിൻറെ മകളാണ്" വൃദ്ധൻ ഭക്തിവിവശനായി മേല്പോട്ടു നോക്കി.

ജോസ്സ് പിന്നീടൊന്നും സംസാരിച്ചില്ല. ആ യാഥാസ്ഥിതികനോടു വാദിച്ചിട്ടു കാര്യമില്ലെന്നു അയാൾക്ക് മനസ്സിലായി. തനിക്ക് അടിയന്തിരമായി ഒരിടത്ത് പോകുവാനുണ്ടെന്നു പറഞ്ഞു ജോസ്സ് സ്ഥലം വിട്ടു.

III

അന്നൊരു ദിവസം ജോസ്സ് മാസ്റ്ററുടെ വീട്ടിൻറെ മുമ്പിൽക്കൂടി പോകുകയായിരുന്നു. ലില്ലി കോലായിൽ നിൽക്കുന്നുണ്ട്.

"അപ്പനില്ലേ അവിടെ" ജോസ്സ് പടിക്കൽനിന്നു ചോദിച്ചു.

"ഇന്നു സ്കൂളിൻറെ വാർഷികദിനമാണത്രെ. വരാൻ കുറച്ചു വൈകും" ലില്ലി മറുപടിപറഞ്ഞു.

ജോസ്സ് സംസാരിച്ചുകൊണ്ട് പടികടന്നു വീട്ടിലെത്തി. പൂമുഖത്തുള്ള ചാരുകസേരയിൽ അയാൾ ഇരുന്നു. ഒരു പുസ്തകത്തിലെ ഏടുകൾ വെറുതെ മറിച്ചുനോക്കിക്കൊണ്ടു ലില്ലിയും അടുത്തുതന്നെ നിന്നു.

ആരും സംസാരിക്കാനുള്ള ഭാവമില്ല.

"അപ്പോൾ ഇങ്ങിനെയാണോ അപ്പൻറെ ആഗ്രഹം" ജോസ്സ് മൌനം ഭഞ്ജിച്ചു.

"ആയിരിക്കാം" ലില്ലി ഒരു താഴ്ന്ന സ്വരത്തിൽ മറുപടിപറഞ്ഞു.

"ലില്ലിക്കും ആ ശുഷ്കജീവിതം ഇഷ്ടമാണോ."

"ഇഷ്ടമായാലും ഇല്ലെങ്കിലും പിതാവിൻറെ ആഗ്രഹം നിറവേററണ്ടേ."

അവളുടെ മുഖത്ത് അസ്വാസ്ഥ്യത്തിൻറെ ചിഹ്നങ്ങൾ കാണാമായിരുന്നു.

"ലില്ലിക്ക് വിവാഹം വേണ്ടായെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടോ" കുറെ കഴിഞ്ഞശേഷം അയാൾ വീണ്ടും ചോദിച്ചു.

"അപ്പനോട് എൻറെ വിവാഹകാര്യത്തെപ്പററി കുറച്ചുദിവസംമുമ്പ് പറഞ്ഞ ഒരു ചാർച്ചക്കാരിയോടു എനിക്ക് വിവാഹം തല്ക്കാലം ആവശ്യമില്ലെന്നു ഞാൻ പറകയുണ്ടായിട്ടുണ്ട്."

"അതിൻറെ അർത്ഥം ആരെയും വിവാഹം ചെയ്യുകയില്ലെന്നാണോ."

അവൾ മിണ്ടിയില്ല.

ജോസ്സ് അവളുടെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. ആ മനോജ്ഞനയനങ്ങൾ

അശ്രുകലുഷിതമായിരുന്നു. ഒരു നിസ്സഹായത അവളിൽ കളിയാടിയിരുന്നു.

"അപ്പന്റെ അഭിമതമനുസരിച്ചുതന്നെ വേണമെന്നുണ്ടോ?"

അവൾ ഉത്തരം പറഞ്ഞില്ല. അവളുടെ കണ്ണുകൾ ജാലകങ്ങളിൽക്കൂടി എങ്ങോ സഞ്ചരിക്കയായിരുന്നു.

"പറയൂ ലില്ലി"

ജോസ്സ് ആർദ്രമായി അവളുടെ പാണിപല്ലവം പിടിക്കുവാൻ ധൈര്യപ്പെട്ടു. അവൾ അടുത്തേക്കു നീങ്ങിനിന്നു.

"അപ്പന്റെ അഭീഷ്ടത്തിനെതിരായി പറയുവാൻ ശക്തയല്ല. അപ്പൻ എനിക്കുവേണ്ടി ജീവിക്കുന്നു. ഞാനാണ് അദ്ദേഹത്തിന് സമാധാനം നൽകാനുള്ളത്."

"ഞാൻ എന്റെ ആഗ്രഹം വ്യക്തമാക്കിയിട്ടുണ്ട്. എന്റെ ജന്മം സഫലമാക്കുകയില്ലേ. കന്യാസ്ത്രീയായി ജീവിതം നയിക്കാൻതന്നെ ഭവതി ഉറപ്പിച്ചിരിക്കുന്നുവോ?"

അവൾ ഉത്തരം പറഞ്ഞില്ല. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. രണ്ടുതുള്ളി കണ്ണുനീർ ജോസ്സിന്റെ കയ്യിന്മേൽ വീണു.

"പറയൂ ലില്ലി" ജോസ്സ് വീണ്ടും അഭ്യർത്ഥിച്ചു.

"വിധി അങ്ങിനെയായിരിക്കാം. ഞാൻ നിസ്സഹായയാണ്. അപ്പനോടുള്ള സ്നേഹം ഒരുവശത്ത്. (സങ്കോചത്തോടുകൂടി) മററുള്ളവരോടുള്ള........"

അവൾക്ക് തുടരുവാൻ സാധിച്ചില്ല. അവൾ ഒരു കൊച്ചുകുട്ടിയെപ്പോലെ തേങ്ങിക്കരഞ്ഞു.

IV

ജോസ്സ് പുലർച്ചെ മൂന്നുമണിക്കുള്ള വണ്ടി കയറുവാൻ സ്റ്റേഷനിൽ വന്നിരിക്കയാണ്. സൗകര്യമുള്ള മുറിയന്വേഷിച്ച് അയാൾ പ്ലാററ്ഫോറത്തിൽക്കൂടി അങ്ങുമിങ്ങും നടന്നു. നഗ്നമായ നിലത്തു സ്ത്രീകളും കൊച്ചുപൈതങ്ങളും ഉറങ്ങിക്കിടന്നിരുന്നു. ഒരിടത്തു ഒരുവയസ്സായ ഒരു കുഞ്ഞ് ഉണർന്നിരുന്നു തന്റെ കളിക്കോപ്പെടുത്തു കളിക്കുകയാണ്. ജോസ്സിനെ കണ്ടപ്പോൾ ആ കുട്ടി കളിക്കോപ്പ് അയാളുടെ നേർക്കുനീട്ടി ഒന്നു പൊട്ടിച്ചിരിച്ചു. അതിന്റെ അമ്മ ഉറങ്ങുകയായിരുന്നു.

"പാവങ്ങൾ, ഈ തണുപ്പും സഹിച്ച് വെറുംനിലത്ത് കിടക്കുന്നു?" അനുകമ്പാപൂർവ്വം ജോസ്സ് പിറുപിറുത്തു. അയാൾ കുറച്ചു നടന്നപ്പോൾ ഒരു മുറിയിലെ ജനൽക്കരികെ തല വെളിക്കാക്കിക്കൊണ്ടു ലില്ലി ഇരിക്കുന്നതു കണ്ടു. അയാളുടെ തണുത്ത ശരീരത്തിൽ രക്തം തുടിച്ചു പാഞ്ഞു. അവൾ അയാളെക്കണ്ടപ്പോൾ ഒന്നു ചിരിക്കുവാനുത്സാഹിച്ചു. അവളുടെ പിതാവും അടുത്തിരുന്നിരുന്നു.

"എവിടേക്കാണ് ഈ പുലർച്ചെ വണ്ടിക്ക്" ജോസ്സ് മാസ്റ്ററോടന്വേഷിച്ചു.

"ഓ, ജോസ്സോ, വണ്ടിക്ക് വരുന്നുണ്ടോ?"

"എനിക്ക് പട്ടാമ്പിവരെ ഒന്നു പോകണം. ഒരു മീററിംഗ് ഉണ്ട്."

"എന്നാൽ ഇവിടെ കയറണം. മുറി ഇപ്പോൾ നിറയും."

അവർ സംഭാഷണത്തിൽ ഏർപ്പെട്ടു. നാലുപുറത്തുമുള്ള ശൈത്യാവരണത്തെ പിളർന്നുകൊണ്ടു വണ്ടി പുറപ്പെട്ടു. മാസ്റ്റർ തണുപ്പുമാററാൻ ഒരു ചുരുട്ടെടുത്തു കത്തിച്ചു. അടുത്തിരുന്നിരുന്ന ഒരു വയസ്സൻ നമ്പൂതിരി തന്റെ കയ്യിലുള്ള റാന്തൽ വിളക്ക് ഭദ്രമായി ഒരിടത്തുവെച്ച് തന്റെ ചെല്ലം തുറന്നു വെററിലയുടെ ഞരമ്പു ചീന്തിത്തുടങ്ങി. അടുത്തപുറത്തിരുന്നിരുന്ന ഒരു തമിഴൻ തന്റെ ഭാണ്ഡം സാമാനം വെക്കുന്ന പടിയിൽനിന്നു താഴെ വീഴുന്നുണ്ടോയെന്നു മേലോട്ടു നോക്കിക്കൊണ്ടേയിരിക്കുന്നു. വേറൊരാൾ തലേദിവസം നടന്ന വ്യാപാരത്തിന്റെ ലാഭം കണക്കാക്കി മണിപേഴ്സിലെ സംഖ്യ പരിശോധിക്കയാണ്. അതിനിടക്ക് തന്റെ ടിക്കററ് അയാൾ ഭദ്രമായി ഒരിടത്ത് മാററിവെച്ചു. മുറിയിലെ പലരും നിദ്രയിലാണ്ടിരിക്കയാണ്. ഉറങ്ങാത്തവർ സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നു. നെല്ലിന്റെ വില, ഗാന്ധിജിയുടെ തടവ്, തീവണ്ടിയിലെ തിരക്ക്, ടിക്കററ് പരിശോധകന്മാരുടെ ശുക്രദശ ഇത്യാദി പല കാര്യങ്ങളും സംഭാഷണവിഷയങ്ങളാകുന്നുണ്ട്

"ഞങ്ങൾ ഒന്നു എറണാകുളംവരെ പോകയാണ്. ലില്ലി മഠത്തിൽ ചേരുന്നതിനുമുമ്പ് അവൾക്ക് അവളുടെ അമ്മാമയെയും ഇളയമ്മയെയും ഒന്നു കാണണം" മാസ്റ്റർ യാത്രോദ്ദേശം വ്യക്തമാക്കി.

ജോസ്സ് ഒന്നു മൂളുകമാത്രം ചെയ്തു. ലില്ലി മയക്കത്തിലാണ്ടു പ്രകൃതിയെ ജാലകങ്ങളിൽക്കൂടി വീക്ഷിച്ചുകൊണ്ടിരുന്നു.

"കോൺഗ്രസ്സിന്റെ നില ഇപ്പോൾ എന്താണ്" മാസ്റ്റർ വിഷയം മാററി.

"സൃഷ്ടിപരിപാടിയാണത്രെ" ഒരു വാചകത്തിൽ ജോസ്സ് മറുപടി പറഞ്ഞവസാനിപ്പിച്ചു. ഈ സംഭാഷണം നീണ്ടുനിന്നില്ല. മാസ്റ്റർ ഉറക്കംതൂങ്ങി ഒരു മൂലയിൽ ചാരിക്കിടന്നു.

ലില്ലി കുറച്ചു കഴിഞ്ഞ ശേഷം ഒരു പുസ്തകമെടുത്തു വായിക്കാൻ പരിശ്രമിച്ചു. പക്ഷെ അവൾക്ക് അതിൽ ശ്രദ്ധപതിപ്പിക്കാൻ സാധിച്ചില്ല.

"അപ്പോൾ ഭൗതികലോകത്തോട് യാത്രപറയുകയാണോ" വ്യസനം കലർന്ന ഒരു മന്ദസ്മിതത്തോടുകൂടി ജോസ്സ് ലില്ലിയോടു ചോദിച്ചു. അവളുടെ ഹൃദയം തപിച്ചുകൊണ്ടിരുന്നു. അവൾക്കൊന്നും പറയാൻ തോന്നിയില്ല.

അവളുടെ ദൃഷ്ടികൾ വീണ്ടും പ്രകൃതിയുടെ അനന്തതയെ പരിശോധിച്ചുകൊണ്ടിരുന്നു.

വണ്ടി പട്ടാമ്പി സ്റ്റേഷനിലെത്തി. ജോസ്സ് മാസ്റ്ററെയുണർത്തി, താൻ ഇറങ്ങുകയാണെന്നറിയിച്ചു. അയാൾ വണ്ടിയുടെ വാതിൽ തുറന്നു. ലില്ലിയുടെ ഹൃദയം പിടച്ചു. ജോസ്സ് രണ്ടുപേരോടും യാത്രചോദിച്ചു വെളിക്കിറങ്ങി. അയാൾ ദൃഷ്ടിയിൽനിന്നു മറയുന്നതുവരെ അവൾ അയാളെ ആർത്തിയോടുകൂടി നോക്കിക്കൊണ്ടിരുന്നു.

V

മാസങ്ങൾ കുറെ കഴിഞ്ഞു. ജോസ്സ് ഇപ്പോൾ അധികമായി പൊതുകാര്യങ്ങളിൽ ശ്രദ്ധിക്കാറില്ല. അയാൾ തന്റെ വിദ്യാഭ്യാസം തുടരുവാൻ വിദേശത്തേക്ക് പോകണമെന്നു കരുതിയിരിക്കയാണ്. കടപ്പുറത്തെ കാറ്റുംകൊണ്ട് ഒരു ദിവസം അയാൾ വീട്ടിലേക്ക് തിരിക്കുകയാണ്. രാത്രി മണി എട്ടുകഴിഞ്ഞിരിക്കണം. അയാൾ തന്റെ സൈക്കിൾ മന്ദമായി ഉന്തിക്കൊണ്ട് അലസമായി നടക്കുകയാണ്. അയാൾ ആ കോൺവെന്റിന്റെ അടുത്തെത്തി. മന്ദമധുരമായ ഒരു ഗാനം ആ സുന്ദരപരിസരങ്ങളെ പുളകംകൊള്ളിച്ചിരുന്നു. കോൺവെന്റിലെ പ്രാർത്ഥനാമുറിയിൽനിന്നുള്ള ഭക്തിമയമായ ആ ഗാനം അയാൾക്കു സുപരിചിതമാണ്. പ്രാർത്ഥനാമുറി റോഡിന്നു ഏതാണ്ട് അടുത്താണ്. അതിന്റെ അടുത്തു തഴച്ചുനില്ക്കുന്ന ഇലഞ്ഞിമരത്തിന്റെ ശാഖകൾ റോഡിന്റെ ഒരു ഭാഗത്തിന്ന് പച്ചമേലാപ്പ് ചാർത്തിയിരുന്നു. ജോസ്സ് സൈക്കിൾ അവിടെനിർത്തി. ആ ഗാനം ശ്രവിച്ചു. വീണയിൽനിന്നുള്ള ശ്രുതിയും അതോടുകൂടിയുള്ള പഞ്ചമരാഗാലാപനവും ഏതോ ദുഃഖമയമായ പ്രതീതിയാണുണ്ടാക്കിയിരുന്നത്. മൂകരാഗത്തിന്റെ ശോകാത്മകമായ വർണ്ണനയായിരുന്നു അത്.

ജോസ്സിന് ആളെ മനസ്സിലായി. അയാളുടെ ലില്ലിതന്നെയായിരുന്നു ആ പ്രേമഗായിക. കുറെ കഴിഞ്ഞപ്പോൾ ആ സംഗീതം നിന്നു. ഒരു പ്രതിമപോലെ നിന്നിരുന്ന ജോസ്സ് അതൊന്നും അറിഞ്ഞില്ല. വഴിയിൽക്കൂടി പോയിരുന്ന യാത്രക്കാരെ അയാൾ കണ്ടില്ല. ഇലഞ്ഞിവൃക്ഷത്തിൽനിന്ന് പൊഴിഞ്ഞിരുന്ന ഹിമകണങ്ങൾ അയാളെ നനച്ചിരുന്നു. പക്ഷെ ആ തപ്തഹൃദയൻ അതു അറിഞ്ഞിട്ടില്ല. കുറേനേരം ആ നിലയിൽ നിന്നശേഷം ഒരു ദീർഘശ്വാസത്തോടുകൂടി അയാൾ അവിടെനിന്നു തിരിച്ചു. ആ ഗാനധോരണിയിൽ നിർവൃതി നേടുവാൻ ഇങ്ങിനെയുള്ള എത്രയോ രാത്രികൾ അയാൾ അവിടെ കഴിച്ചുകൂട്ടിട്ടുണ്ടെന്നുള്ളതിന്ന് ആ ഇലഞ്ഞിവൃക്ഷം സാക്ഷിയാണ്.

VI

വസന്തം പ്രകൃതിയെ എട്ടുവട്ടം പുണർന്നുകഴിഞ്ഞു. ശീമയിൽ ഉപരിപഠനം കഴിച്ച് വൈദ്യശാസ്ത്രത്തിൽ ഡോക്ടർബിരുദം നേടി നാട്ടിൽ മടങ്ങിയെത്തിയ ഡോക്ടർ ജോസ്സ് എം. എ. പി. എച്ച്. ഡിക്ക് താമസിയാതെതന്നെ വടക്കെ ഇന്ത്യയിലെ ഒരു കോളേജിൽ പ്രിൻസിപ്പാൾ ഉദ്യോഗം ലഭിക്കുകയുണ്ടായി.

അദ്ദേഹം ഇപ്പോൾ കോളേജ് പൂട്ടി നാട്ടിൽ എത്തിയിരിക്കയാണ്. ഇന്ത്യയിലെ ഒന്നാംതരം വിദ്യാഭ്യാസചിന്തകൻ എന്ന പേരും അദ്ദേഹത്തിന്ന ലഭിച്ചിരുന്നു

*　　*　　*　　*

ആ കോൺവെൻറ് ഹൈസ്കൂളിൻെറ വാർഷികസുദിനം പുലർന്നു. ഡോക്ടർ ജോസ്സിൻെറ മഹനീയാദ്ധ്യക്ഷതയിലാണ് വാർഷികോത്സവം നടത്താൻ തീരുമാനിക്കപ്പെട്ടിട്ടുള്ളത്. അദ്ധ്യക്ഷനെ സ്വീകരിക്കാൻ വമ്പിച്ച ഒരു ജനക്കൂട്ടം കോൺവെൻറ് പടിക്കൽ സന്നിഹിതരായിട്ടുണ്ട്. അദ്ധ്യക്ഷൻ സമാഗതനായി. പക്ഷെ അദ്ദേഹം ഉല്ലാസവാനായി കാണപ്പെട്ടില്ല. ഒമ്പതു കൊല്ലങ്ങൾക്കുമുമ്പു അതേ സ്കൂളിൽവെച്ചു നടന്ന വാർഷികോത്സവത്തെയും വിവിധവിനോദപ്രദർശനങ്ങളെയും അദ്ദേഹം അനുസ്മരിച്ചു. അന്നു് കണ്ടിട്ടുള്ളതും പരിചയിച്ചിട്ടുള്ളതുമായ ബാലികമാരെ ഇന്നദ്ദേഹം അറിയുകയില്ല. അവരിൽ ഓരോ രംഗങ്ങൾ അലങ്കരിച്ചു കഴിഞ്ഞിരിക്കും. പക്ഷെ അദ്ദേഹത്തിൻെറ ഹൃദയം കവർന്ന ഒരാൾ ഇന്നും ആ കന്യാസ്ത്രീമഠത്തിൽ ഉണ്ട്. പക്ഷെ അവളുടെ സ്ഥിതിയെ പററിയൊന്നും അദ്ദേഹത്തിന്നറികയില്ല. അദ്ദേഹത്തിൻെറ കണ്ണുകൾ ആ വ്യക്തിയെ കാണുവാൻ ഉഴറി.

അദ്ധ്യക്ഷപ്രസംഗം മുതലായ ചടങ്ങുകൾ അവസാനിച്ചു. അവക്കുശേഷം തുടങ്ങിയ ഒരു ചെറുനാടകത്തിൽ പിൻപാട്ടുകാരി ഒരു കന്യാസ്ത്രീയായിരുന്നു. വീണാപാണിയായ ആ കന്യാസ്ത്രീ കാഴ്ചക്ക് ഒരു വയസ്സത്തിയെപ്പോലെയായിരുന്നെങ്കിലും അവരുടെ സംഗീതമാധുര്യം അവാച്യമായിരുന്നു. അദ്ധ്യക്ഷൻ അവരെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അവരുടെ നേത്രങ്ങൾ തമ്മിലിടഞ്ഞു. അതോടുകൂടി പാട്ടുകാരിയുടെ വീണ നിലത്തുവീണു തകർന്നു. അവർക്കൊരു മോഹാലസ്യം. ചില സ്ത്രീകൾ ഉടനെ അവരെ അടുത്ത മുറിയിലേക്ക് മാററി. അദ്ധ്യക്ഷൻ അങ്ങോട്ടു ചെന്നു. ആ കന്യാസ്ത്രീയുടെ മുഖം വിളറിയിരുന്നു. കുണ്ടിലാണ്ട കണ്ണുകൾ അടച്ചിരിക്കയാണ്. ഡോക്ടർ ജോസ്സ് രോഗിയുടെ അടുത്തേക്ക് നീങ്ങിനിന്നു.

“ലില്ലി”

ഡോക്ടരുടെ ആ വിളി രോഗിയുടെ സിരകളിൽ വീണ്ടുമൊരു രക്തപ്രവാഹമുണ്ടാക്കി. അവരൊന്നു മന്ദസ്മിതം തൂകാൻ പണിപ്പെട്ടു. അവരെന്തോ പറയുവാൻ സാഹസപ്പെടുകയാണ്. ഡോക്ടർ കുനിഞ്ഞുനിന്നു.

“ഞാൻ ധന്യയായി” രോഗി അദ്ദേഹത്തിൻെറ നേരെ കൃതജ്ഞത പ്രകാശിപ്പിച്ചു.

കന്യാസ്ത്രീകൾ മുഖത്തോടു മുഖം നോക്കി. രോഗിയുടെ ആ അവസാനവാക്ക് ഒരു പ്രേമനാടകത്തിലെ ഭരതവാക്യമാണെന്ന് ഒരു കന്യാസ്ത്രീ മന്ത്രിച്ചു.

ഡോക്ടർ രോഗിയെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചെങ്കിലും ആ മനുഷ്യവിപഞ്ചികയിലെ രാഗം എന്നന്നേക്കുമായി അന്തരീക്ഷത്തിൽ ലയിച്ചുകഴിഞ്ഞിരുന്നു.

*　　*　　*　　*　　*

കോൺവെൻറ് പ്രാർത്ഥനാമുറിയുടെ അടുത്തുള്ള ഇലഞ്ഞിവൃക്ഷത്തിൻെറ ദലമർമ്മരം ഇപ്പോഴും ഏതോ ശോകാത്മകമായ മൂകരാഗത്തെ ഏററു പാടിക്കൊണ്ടിരിക്കുന്നു.

മുഗൾവാസ്തുശില്പചരിത്രം

(തുടർച്ച)

വി. ആർ. ആർ. ദീക്ഷിതർ, എം. എ.

അക്ബറുടെ കാലത്തോടുകൂടിയാണ് നിരവധി കെട്ടിടങ്ങളുടെ നിർമ്മാണം വഴിക്കുവഴി സമാരംഭിപ്പിക്കപ്പെട്ടത്; ഇവ ഓരോന്നിനും പ്രത്യേകം പ്രത്യേകം ചരിത്രവുമുണ്ട്. ആഗ്രയിലെ കോട്ടയാണ് ഇവയിൽ പ്രഥമസ്ഥാനം വഹിക്കുന്നത്. ഇതിന് രണ്ടു പ്രവേശനമാർഗ്ഗങ്ങളുണ്ട് – ഒന്നു സ്വകാര്യവും മറ്റേതു പൊതുജനങ്ങൾക്കുള്ളതും. "ഡൽഹിഗേററ്" എന്നാണ് ഈ രണ്ടാമത്തേതിന്റെ അഭിധാനം. ഇതുകൂടാതെ അക്ബർ കോട്ടകൾപോലുള്ള രണ്ടു രാജധാനികൾകൂടെ പണിതിട്ടുണ്ട്—ഒന്നു ലാഹോറിലും, രണ്ടാമത്തേത് അലഹബാദിലും. യമുനയുടെയും ഗംഗയുടെയും സംഗമസ്ഥാനത്തു ഒരു പ്രധാന സ്ഥലത്താണ് ഈ രണ്ടാമതു പറഞ്ഞ കെട്ടിടം സ്ഥിതിചെയ്യുന്നത്.

ആഗ്രയുടെ 26 മൈൽ പടിഞ്ഞാറുള്ള ഫത്തേപ്പൂർ ഡിസ്ട്രിക്റ്റിലാണ് അക്ബറുടെ വാസ്തുകലാവല്ലഭത്വം മൂർത്തിമത്തായി പ്രദ്യോതിക്കുന്നത്. ഉന്നതങ്ങളായ ഭവനമാടങ്ങൾ, മനോഹരമായ അങ്കണങ്ങൾ, അത്യുന്നത രാജധാനി, റിക്കാർഡ് സൂക്ഷിപ്പുമുറികൾ, ജ്യോതിഷനിലയനങ്ങൾ, സ്നാനമണ്ഡപങ്ങൾ ഇത്യാദി ഈ വമ്പിച്ച നഗരത്തിന്റെ ആകർഷകങ്ങളായ ഭാഗങ്ങളാണ്. ഈ ഗംഭീരഹർമ്മ്യങ്ങളുടെ ഒരൊററ വിഹഗവീക്ഷണംകൊണ്ടുതന്നെ സുനിശ്ചയമാകും അധികാരപ്രാഭവത്തിലും സമ്പൽസമൃദ്ധിയിലും നീന്തിത്തുടിച്ച്, വിജയലഹരിയാസ്വദിക്കുന്ന ഒരു രാജാധിരാജനല്ലാതെ അവയുടെ സൂത്രം ചമച്ച് അവ കെട്ടിച്ചമയ്ക്കുവാൻ സാധിക്കുകയില്ലെന്ന്. ഡക്കാനിലുണ്ടായ വിജയത്തിലുണ്ടായ ആഹ്ലാദം, ഫത്തേപ്പൂർ സിക്രിയിലെ ജുമാമസ്ജിദിന്റെ തെക്കുഭാഗത്തു ഒരു വിജയഗോപുരം പണിയുവാൻ ചക്രവർത്തിക്കു അഭിനിവേശം നൽകി. ഐശ്വര്യകവാടം എന്നാണദ്ദേഹം അതിന് അഭിസംബോധനം നൽകിയത്. അക്ബറെപ്പോലുള്ള ചക്രവർത്തിയുടെ ഐശ്വര്യസമയത്തിന്നനുസൃതമാണ് അതു എന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ല. അക്ബറുടെ മരണത്തിന്റെ ഓരോ കാലഘട്ടവും ഉത്തരോത്തരം ശില്പകലാചാതുര്യമായ മാതിരി ഗോപുരം പ്രദാനം ചെയ്തിട്ടുണ്ട്; മുഗൾ ഗോപുരം "വമ്പിച്ച പ്രാഭ[illegible]വത്തിന്റെ ഉത്തമനിദർശനമാണ്" എന്നുള്ള ചൊല്ല് തികച്ചും വാസ്തവം മാത്രമാണ്.

ജഹാംഗീറിന്റെ കാലത്ത്, കല്ലുകൾ ക്രമേണ ക്രമേണ വെൺകല്ലുകൾക്ക് സ്ഥാനം ഒഴിഞ്ഞുകൊടുക്കുന്നതായിട്ടാണ് നാം ദർശിക്കുന്നത്. ഈ ചക്രവർത്തി നിർമ്മിച്ച വമ്പിച്ച കെട്ടിടങ്ങളിലൊന്ന് സിക്കന്ത്രയിൽ സ്ഥാപിതാവിന്റെ സ്മാരകാർത്ഥമുള്ള ശവകുടീരമാണ്. മററു പണികളില്ല. അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ സ്വച്ഛന്ദവിഹാരം ചെയ്തിരുന്ന ചിത്രമെഴുത്ത്, പൂങ്കാവനങ്ങൾ, ആരാമങ്ങൾ മുതലായ ഉല്ലാസസങ്കേതങ്ങളുടെ നിർമ്മാണം ഇവയിൽ അദ്ദേഹം അനന്യമായ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ഏതൽക്കാരണത്താലാണ് മന്ദിരങ്ങളുടെ നിർമ്മാണം അക്കാലത്ത് വർദ്ധമാനമല്ലാതിരുന്നത്.

മുഗിള ചക്രവർത്തിമാരുടെ വാസ്തുശില്പചാതുരി അതിന്റെ മൂർദ്ധന്യത്തിലെത്തിയത് ഷാജഹാന്റെ കാലത്താണെന്നു അഭിപ്രായപ്പെടുന്നത് അതിശയോക്തിയല്ല. വെൺകല്ലുകളുടെ കാലമായിരുന്നു അത്; കരിങ്കല്ലുകൾ അപൂർവ്വമായി കുറച്ചു ഉപയോഗപ്പെടുത്തിയിരുന്നു. വാസ്തുകലാപ്രദർശനത്തിൽ അഭിനിവേശമുള്ള ഉത്തുംഗമായ കാലമായിരുന്നു അന്ന്. വാസ്തുവിദ്യാനൈപുണ്യം തികച്ചും പ്രത്യക്ഷപ്പെടുത്തുന്ന, കണ്ണഞ്ചുന്ന ഹർമ്മ്യങ്ങൾ അനേകമനേകം കെട്ടിയുയർത്തപ്പെട്ട തികഞ്ഞ കാലാവസ്ഥ നമ്മുടെ മൂർത്തിമത്തായ ആ ച

ക്രവർത്തിയാൽ നിർമ്മിതമായ സകല കെട്ടിടങ്ങളിലും ബാഹ്യമായ ശില്പചാതുരിയും അദ്വിതീയമായാണ് വിലസിയിരുന്നത്. ഉന്നതമായ ഒരു ഭാവനയാണദ്ദേഹം ലക്ഷ്യമാക്കി നിർത്തിയത്; അതു തികച്ചും അദ്ദേഹം സഫലീകരിച്ചും ഇരുന്നു. ആസ്ഥാനമണ്ഡപം, രങ്കമഹൽ, പള്ളി മുതലായവ നയനമോഹനമായ ഹർമ്മ്യങ്ങളുൾക്കൊള്ളുന്ന ഡെൽഹി കോട്ടയുടെ വിവരണംതന്നെ പ്രത്യേകമൊരു ലേഖനത്തിനു മതിയായ വിഷയമാണ്. തെക്കുവടക്കായി നിർമ്മിക്കപ്പെട്ട ഇതിന്റെ നീളം 3100 അടിയും വീതി 1650 അടിയുമാണ്. ചക്രവർത്തി തന്റെ ധനം കയ്യയച്ചു ഇതിനുവേണ്ടി ചെലവുചെയ്തിരുന്നു എന്നുപറയുന്നതിൽ തീരെ തെറ്റില്ല.

ധനത്തിന്റെ ഈ ധാരാളത്തമെല്ലാം അപ്രധാനമായി അനുഭവപ്പെട്ടു, തന്റെ പ്രേമഭാജനമായിരുന്ന അർജ്ജുമന്ദ്ബാനു ബീഗത്തിന്റെ സ്മരണാർത്ഥം ആഗ്രയിൽ യമുനാനദി വളവിൽ നിർമ്മിക്കപ്പെട്ട, മുഗിലവംശത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ ഒട്ടാകെതന്നെ അഭിമാനസ്തംഭമായി വിളങ്ങുന്ന, സ്മാരകസ്ഥാപനങ്ങളിൽ അദ്വിതീയത്വം വഹിക്കുന്ന ആ താജ്മഹലിനെപ്പറ്റി പരിചിന്തനം ചെയ്യുമ്പോൾ, ഗംഭീരമായ ഒരു വെൺമാടത്തിന്മേൽ അധിഷ്ഠിതമായ ചേതോഹരമായ ഒരു കുംഭഗോള ഗോപുരമുണ്ടതിന്. മോടിയേറിയ ആരാമങ്ങളും, കൃത്രിമമായ നീർച്ചാലുകളും, താമരക്കുളങ്ങളും എന്നിവയാൽ താജ്മഹലിന്റെ മനോഹാരിതം അതുല്യമാക്കപ്പെട്ടിരിക്കുന്നു. ഏതു സന്ദർശകനെയും കോൾമയിർക്കൊള്ളിക്കുന്ന മനോഹരകാഴ്ചകളാണിവ. ഇത്രതന്നെ കലാചാതുരമാണ് അദ്ദേഹം ലാഹോറിനടുത്തു നിർമ്മിച്ച "ഷാലിമാർബാ" എന്ന പൂങ്കാവനവും.

അദ്ദേഹത്തിന്റെ പിൻഗാമിയുടെ ഭരണം, വാസ്തുശില്പപരമായ നേട്ടങ്ങളെപ്പറ്റിയേടത്തോളം കുറേ ശുഷ്കമാണ്. എങ്കിലും, 1674-ൽ ലാഹോറിൽ നിർമ്മിക്കപ്പെട്ട വമ്പിച്ച പള്ളിയും മറ്റു പല പള്ളിഗോപുരങ്ങളും പ്രസ്താവ്യങ്ങൾതന്നെയാണ്. ഔറംഗസീബ് നിർമ്മിച്ച മറ്റു പ്രധാന കെട്ടിടങ്ങളാണ് ബെനാറീസിലേയും മുടയിലേയും പള്ളികൾ. ഈ കെട്ടിടങ്ങളിൽ യാതൊരു പുതുമയും നാം ദർശിക്കുന്നില്ല. നേരെമറിച്ച്, കലാപരമായ ഒരധോഗതിയാണ് ഇവയിൽ നാം വീക്ഷിക്കുന്നത്. എങ്കിലും അവയിലൊരു ജീവചൈതന്യം കാണാം. പത്തൊമ്പതാം ശതകത്തിന്റെ പൂർവ്വാർദ്ധംവരെ അയോദ്ധ്യാനവാബുമാർ ഇതിലടങ്ങിയ വാസ്തുശില്പതന്ത്രത്തെയാണ് അനുകരിച്ചിരിക്കുന്നത്.

ഇന്ത്യയിലെ വിദേശിയർ

ഇന്ത്യ പണ്ടുപണ്ടേ അതിഥിസല്ക്കാരത്തിൽ തല്പരയാണ്. സ്വന്തം ധനസ്ഥിതി എത്രതന്നെ അതൃപ്തികരമായിരുന്നാലും അതിഥികളെ സ്വാഗതംചെയ്യുന്നതും സൽക്കരിക്കുവാനും ഇന്ത്യക്കുള്ള അഭിനിവേശം അത്ഭുതകരമാണ്. ഇന്നു ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ള നിരവധി രാജ്യക്കാർ, അതിഥികളുടെ നിലയിലല്ലെങ്കിലും, അഭയാർത്ഥികളുടെ നിലയിൽ ഇന്ത്യയിൽ നിവസിച്ചുവരുന്നുണ്ട്. ഇന്ത്യയിലെ ജനസംഖ്യ (40 കോടി)യുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ അഭയാർത്ഥികളുടെ സംഖ്യ നിസ്സാരമാണെങ്കിലും, ഇവർ പ്രതിനിധീകരിക്കുന്ന രാജ്യങ്ങളുടെ പ്രാധാന്യമോർത്താൽ ഇവരെ നിസ്സാരരായി തള്ളുക സാദ്ധ്യമല്ല.

ഇന്ത്യയിൽ ഇപ്പോൾ ആകെ എത്ര വിദേശിയരുണ്ടെന്ന് തിട്ടപ്പെടുത്തി പറയുക സാദ്ധ്യമല്ല. സഖ്യശക്തികളുടെ സൈനികപംക്തികളിൽപെട്ട ബഹുസഹസ്രം ജനങ്ങൾ സ്ഥിരവാസക്കാരല്ലാത്തതുകൊണ്ട് അവരെ ഒഴിച്ചുള്ള ഒരു കണക്ക് മാത്രമെ പറയുവാൻ നിവൃത്തിയുള്ളു. രജിസ്റ്റ്ർചെയ്യപ്പെട്ട വിദേശിയരുടെ സംഖ്യ, കഴിഞ്ഞകൊല്ലം ജൂൺമാസത്തിൽ, നാല്പതിനായിരത്തിൽ കൂടുതലുണ്ടായിരുന്നു. അതായത് 22,000 ചൈനക്കാർ, 3700 അമേരിക്കർ, 1800 ജർമ്മൻ ജൂതന്മാർ, 1200 ഇററലിയർ, 1500 ഇറാക്കിയർ, 1100 ഫ്രഞ്ചുകാർ, 1100 ഡച്ചുകാർ, 700 റഷ്യക്കാർ, 600 ചെക്കോസ്ലോവിയക്യക്കാർ, 600 പോളണ്ടുകാർ. ഇതിൽ പോളണ്ടിൽനിന്നു വന്ന അഭയാർത്ഥികളായ കുട്ടികൾ ഉൾപ്പെട്ടിട്ടില്ല.

മേൽപറഞ്ഞ വിദേശിയരിൽ ജനസംഖ്യകൊണ്ട് ഒന്നാംകിടയിൽ നില്ക്കുന്ന ചൈനക്കാരിൽ അധികംപേരും വ്യാപാരികളും ചില്ലറ സാമാനങ്ങൾ കെട്ടിപേറി തെരുവുകൾതോറും സഞ്ചരിച്ച് വില്പന നടത്തുന്നവരും ആണ്. ഈയിടെയായി ചൈനക്കാരുടെ പട്ടാളത്താവളങ്ങളുള്ള സ്ഥലങ്ങളിലെല്ലാം ഇവരുടെ വകയായി നിരവധി ഭോജനശാലകൾ തുറക്കപ്പെട്ടിട്ടുണ്ട്.

എണ്ണംകൊണ്ട് ദ്വിതീയസ്ഥാനം വഹിക്കുന്നത് അമേരിക്കരാണ്. ഇവരും പ്രായേണ വ്യാപാരികൾതന്നെയാണ്. ഇന്ത്യ ശത്രുക്കളെ ആക്രമിക്കുവാനുള്ള ഒരു പ്രവർത്തനരംഗമായിത്തീർന്നശേഷം അമേരിക്കർ ഇന്ത്യയുടെ വൈയവസായികമായ അഭ്യുന്നതിയെ ലാക്കാക്കി പരിശ്രമിക്കുകയും ഇന്ത്യക്കാർക്കു യാന്ത്രികങ്ങളായ വിദഗ്ദ്ധോപദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. വിശേഷിച്ചു ഇന്ത്യയിലെ വിമാനനിർമ്മാണം, മോട്ടോർവാഹനനിർമ്മാണം, എണ്ണഖനി, ചെരുപ്പുവ്യവസായം ഇവയിലെല്ലാം അമേരിക്കരുടെ കണ്ണും കരളുമാണ് കളിയാടുന്നത്.

ജൂതന്മാരും ഇന്ത്യയിൽ പല വ്യാപാരങ്ങളും ചെയ്യുന്നുണ്ട്. വ്യാപാരത്തിന്റെ ഉൽക്കർഷത്തിന് അവർ പ്രദർശിപ്പിക്കുന്ന ശ്രദ്ധയും ഉത്സാഹവും പ്രശംസാർഹങ്ങളാണ്.

ഇപ്പോൾ ഇന്ത്യയിലുള്ള ചെക്കുകാരിൽ ഒരാൾ വിദഗ്ദ്ധനായ ഒരു മെക്കാനിക്ക് ആണ്. തന്നെപ്പോലെ നിർഭാഗ്യവാന്മാരായ അനേകായിരം ചെക്കുകാരോടുകൂടി, ഇദ്ദേഹം ജർമ്മനിയിൽ നിർബ്ബന്ധപൂർവ്വം കൂലിവേലചെയ്യേണ്ടിവന്നു. വളരെ ഉത്സാഹത്തോടും വിശ്വസ്തതയോടും അനുസരണത്തോടുംകൂടി വേലചെയ്യുകയാൽ ജർമ്മൻകാർക്ക് ഇദ്ദേഹത്തിന്റെ പേരിൽ വലിയ മതിപ്പു തോന്നി. മററുള്ളവർക്കു സാങ്കേതികപാഠം നൽകുവാൻ ഇദ്ദേഹത്തെ അവർ റുമേനിയക്കയച്ചു. റുമേനിയയിൽനിന്ന് ഉപായത്തിൽ ഇദ്ദേഹം യൂഗോസ്ലേവിയക്കു പോയി. അവിടുന്ന് തുർക്കിയിൽകൂടി ഒരു കൊല്ലംമുമ്പാണ് ഇന്ത്യയിൽ എത്തിച്ചേർന്നത്.

ഇന്ത്യയിലുള്ള വിദേശിയരിൽ ഭൂരിപക്ഷം പ്രായേണ ലാഭകരങ്ങളായ വ്യാപാരങ്ങളിൽ, ഏർപ്പെട്ടവരാണെന്നു പറയാം. ഇവരിൽ യുദ്ധത്തിനു മുമ്പ് മതപ്രചരണാർത്ഥം വന്നുചേർന്നവരും ഉൾപ്പെടും. ഇന്ത്യയിൽ ജ്ഞാനപ്രകാശം പരത്തുവാൻ വന്നവരും [illegible] ഭാരതത്തിന്റെ ഗുണവിശേഷങ്ങൾ പഠിച്ചറിയാൻ വന്നവരും എല്ലാം ഇപ്പോൾ വ്യാപാരികളായി രൂപാന്തരപ്പെട്ടിരിക്കയാണ്!

ബോംബെ നഗരത്തിൽമാത്രം 7000 വിദേശിയരുണ്ട്. 1500 യൂറോപ്യന്മാർ 5500 ഏഷ്യക്കാർ. ഇവരിൽ അഭയാർത്ഥികളായ 3300 ചൈനക്കാർ ഉൾപ്പെടും. യൂറോപ്യരിൽ ജർമ്മനി, ആസ്ട്രേലിയ, റുമേനിയ, ഹംഗറി എന്നീ രാജ്യങ്ങളിൽനിന്ന് വന്നുചേർന്ന ജൂതന്മാരുടെ സംഖ്യ 500 ആണ്.

ബോംബെയിലുള്ള ഡച്ചുകാർ, നോർവീജിയക്കാർ, ഡാനിഷ്കാർ ഇവരെല്ലാം അഭയാർത്ഥികളാണെന്ന് പറഞ്ഞുകൂടാ. അവർ എണ്ണംകൊണ്ടു ചുരുക്കമാണ്. അധികംപേരും യുദ്ധത്തിനുമുമ്പ് വന്നുചേർന്നവരാണ്. ഇവരിൽ ഭൂരിപക്ഷം വ്യാപാരികളാണ്.

ബൊംബെയിൽ മാത്രം ചൈനക്കാരുടെ വകയായി 30 ഹോട്ടലുകൾ ഉണ്ട്. ഇവയിൽ ഏതാനും എണ്ണം ഹോങ്ങ്കോങ്ങ്, സിങ്കപ്പൂർ എന്നീ രാജ്യങ്ങൾ ജപ്പാൻ കീഴടക്കിയപ്പോൾ ബോംബെയിൽ വന്ന രക്ഷപ്പെട്ട ചൈനക്കാരുടെ വകയായി നടത്തപ്പെടുന്നവയാണ്. വളരെക്കാലം ചൈനീസ് നാവികപ്പടയിലെ ഉദ്യോഗസ്ഥന്മാരായി പ്രവൃത്തി ചെയ്യുകയാൽ ഇവരുടെ കൈയിൽ ധാരാളം പണമുണ്ട്. അതാണ് ഇപ്പോൾ വ്യാപാരത്തിലിറക്കീട്ടുള്ളത്. ഹോട്ടൽകൊണ്ട് ഇവർക്ക് നല്ല ലാഭം സിദ്ധിക്കുന്നുണ്ട്. ചൈനീസ് ഹോട്ടലുകൾക്കുള്ള പേരും പ്രശസ്തിയും ഒന്നു വേറെ തന്നെയാണ്.

ഒരു പോളിഷ് ബാലൻ ബോംബെയിൽ എത്തിച്ചേരുവാൻ പ്രദർശിപ്പിച്ച ധൈര്യം അസാധാരണമാണ്. 1942-ലെ വസന്തകാലത്ത് ഒരു സാമാനക്കപ്പൽ, സോവിയറ്റ് ടർക്കിസ്താനിലുള്ള പോളിഷ് അഭയാർത്ഥി കേന്ദ്രത്തെ ലക്ഷ്യമാക്കി പോകുകയായിരുന്നു. നിർഭാഗ്യവശാൽ പ്രാപ്യസ്ഥാനത്തെത്തുവാൻ 12 നാഴികയുള്ളപ്പോൾ കപ്പൽ ഒരു ചതുപ്പ് സ്ഥലത്ത് നിന്നുപോയി. അവിടന്ന് സാമാനങ്ങൾ കരയ്ക്ക് എടുത്തുകൊണ്ടുപോകേണ്ടിവന്നു. അന്ന് 6 വയസ്സ് മാത്രമേ ഒരു പോളിഷ് ബാലന് പ്രായമുണ്ടായിരുന്നുള്ളു. അവന്റെ മാതാപിതാക്കന്മാർ ഏതാനും ആഴ്ചകൾക്കുമുമ്പാണ് വിഷമജ്വരബാധയാൽ അന്തരിച്ചുപോയത്. അവന്റെ ഏകാവലംബം ഒരു കൊച്ചുസഹോദരി മാത്രമാണ്. ആ കുട്ടിയെയും എടുത്തു 12 നാഴിക നടന്നു തളർന്ന് ക്ഷീണിച്ച് പരവശനായി ഒരു വിധത്തിൽ അവൻ പ്രസ്തുത സാമാനക്കപ്പലിൽ വന്നുകയറി. ആ കപ്പൽവഴിയായിട്ടാണ് ആ കൊച്ചു സഹോദരസഹോദരിമാർ ബോംബെയിൽ എത്തിച്ചേർന്നത്. അവർ ഇപ്പോൾ സാഹോദര്യത്തിന്റെ ഉത്തമമാതൃകകളായി ബോംബായിൽ വസിച്ചുവരുന്നു! (കെ. ആർ)

ഇന്ത്യയുടെ സ്റ്റേർളിങ്ങ് മിച്ചം

ബി. സി. വർഗ്ഗീസ്, എം. എ.

III

കഴിഞ്ഞ ലക്കത്തിൽ ഇന്ത്യയുടെ സ്റ്റേർളിങ്ങ് മിച്ചം വീട്ടിത്തീക്കുന്നതിനുള്ള കഴിവുകൾ ബ്രിട്ടനുണ്ടോ എന്നു നാം പരിശോധിച്ചു. കടസംഖ്യ വളരെ ഭീമമായ ഒന്നാണെങ്കിലും, സന്മനസ്സുണ്ടെങ്കിൽ ബ്രിട്ടന്റെ കഴിവുകൾക്കതീതമല്ല ഈ കടമെന്നു നാം കാണുകയും ചെയ്തു.

ഒരു രാജ്യം മറ്റൊരു രാജ്യത്തിനു കൊടുക്കുവാനുള്ള കടം വീട്ടുന്നതിനു സ്വീകാര്യമായ മാർഗ്ഗങ്ങൾ ഏതെല്ലാമാണ്? ഇതാണ് ഈ ലേഖനത്തിലെ ചിന്താവിഷയം.

ബ്രിട്ടന്റെ കാര്യത്തിൽ നാലു മാർഗ്ഗങ്ങളാണ് സ്വീകാര്യമായിട്ടുള്ളത്. (1) ബ്രിട്ടനിൽനിന്നും സ്വർണ്ണം കയറ്റുമതി ചെയ്യുക. (2 സ്റ്റേർളിങ്ങ് ഡോളറായി രൂപാന്തരപ്പെടുത്തി ഇന്ത്യക്കു ഡോളർ കൊടുക്കുക. (3) ബ്രിട്ടീഷ് വ്യവസായങ്ങൾ ഇന്ത്യയിലുള്ളത് ഇന്ത്യക്കാർക്കു വിററുകിട്ടുന്ന ഉറുപ്പികകൊണ്ടു കടം വീട്ടുക. (4) ഇന്ത്യക്കു സാധനസാമഗ്രികൾ അയച്ചുകൊടുക്കുക.

ഇതിൽ ഏതെങ്കിലും ഒരു മാർഗ്ഗമോ അതല്ലെങ്കിൽ നാലും തന്നെയോ, ഒരേ സമയത്തുതന്നെ ബ്രിട്ടനു അവലംബിക്കാവുന്നതാണ്. അതായത് സ്വർണ്ണം കൊടുത്തും, ഡോളർ നൽകിയും, ബ്രിട്ടീഷ് മൂലധനം ഇന്ത്യയിലുള്ളതു വിററും, സാധനസാമഗ്രികൾ അയച്ചും,—ഇങ്ങനെ നാലുമാർഗ്ഗത്തിൽക്കൂടിയും ഇന്ത്യയുടെ കടം കൊടുത്തുതീക്കാവുന്നതാണ്.

പക്ഷെ ഇതിൽ ആദ്യത്തെ പോംവഴി ഇന്നത്തെ നിലയ്ക്കു ബ്രിട്ടന്റെ സാദ്ധ്യതകൾക്കപ്പുറമാണ്. കാരണം ബ്രിട്ടനുവേണ്ടത്ര സ്വർണ്ണമില്ല. വാസ്തവത്തിൽ 1931-നുശേഷം ഒരുകാലത്തും ആവശ്യംപോലെയെടുത്തു ചെലവാക്കുവാൻ മാത്രം സ്വർണ്ണം ബ്രിട്ടനുണ്ടായിട്ടില്ല. സ്വർണ്ണദൌർല്ലഭ്യമാണല്ലോ 1931 സെപ്റ്റംബറിൽ സ്വർണ്ണമാനദണ്ഡം ഉപേക്ഷിക്കുന്നതിനു ബ്രിട്ടനെ നിർബ്ബന്ധിച്ചത്.

ലോകത്തിലെ സ്വർണ്ണമെല്ലാം എവിടെ എന്ന ഒരു ചോദ്യത്തിനു ഇത്തരുണത്തിൽ പ്രസക്തിയുണ്ട്. ഈ ചോദ്യത്തിനുള്ള സമാധാനം 1914നു ശേഷമുള്ള അമേരിക്കയുടെ സാമ്പത്തിക ചരിത്രമാണ്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ അമേരിക്ക വിദേശ രാജ്യങ്ങൾക്കു ഇടത്തും വലത്തും നോക്കാതെ കടം കൊടുത്തിരുന്നു. അതിൽ ഏതാനും ഭാഗം തിരിച്ചുകിട്ടുകയുണ്ടായില്ല. പക്ഷെ കുറെഭാഗം കാലക്രമത്തിൽ യുദ്ധാനന്തരം അമേരിക്കക്കു സ്വർണ്ണമായി ലഭിച്ചു. ഇതിന്റെ അനുഭവമായി ഇപ്പോൾ അമേരിക്കയിലെ കെൻറകി ഭണ്ഡാരങ്ങളിൽ 2200 കോടി ഡോളർ (8000 കോടി ഉറുപ്പിക) വിലക്കുള്ള സ്വർണ്ണം കെട്ടിയിരിപ്പുണ്ട്.

ഇന്ത്യയുടെ കടം സ്വർണ്ണമായിത്തന്നെ മടക്കിക്കൊടുക്കുവാൻ ബ്രിട്ടൻ വിചാരിക്കുന്നുണ്ടെങ്കിൽ അമേരിക്കയിൽനിന്നും കടം വാങ്ങാതെ നിർവ്വാഹമില്ല. ഇത്രയും സ്വർണ്ണം ഇന്ത്യയുടെ ആവശ്യത്തിനു കൊടുക്കുന്നതുകൊണ്ട് അമേരിക്കക്കു വലിയ നഷ്ടമൊന്നും വരുവാൻ പോകുന്നില്ല. പ്രസ്തുത സ്വർണ്ണം ഇന്ത്യയുടെ കയ്യിൽ കിട്ടിക്കഴിഞ്ഞാൽ അത് അമേരിക്കയിൽനിന്നും സാധനസാമഗ്രികൾ വാങ്ങുന്നതിനുതന്നെയാണ് ഇന്ത്യ ഉപയോഗിക്കുക. ഈ സ്ഥിതിക്ക് ഇന്ത്യയുടെ ആവശ്യത്തിനു സ്വർണ്ണം നൽകുന്നതിന്റെ പരിണതഫലം അമേരിക്കൻ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയായിരിക്കും. കാലക്രമത്തിൽ ഇംഗ്ലീഷുകാർക്കു തങ്ങൾ വാങ്ങിയ കടം അമേരിക്കക്കു കൊടുത്തു വീട്ടുകയും ചെയ്യാം.

പക്ഷെ ഏതോ കാരണത്താൽ ഈ മാർഗ്ഗം സ്വീകരിക്കുവാൻ ബ്രിട്ടനോ അമേരിക്കയോ തയ്യാറാകുന്നില്ല. ഒരുപക്ഷെ ഇപ്പോൾതന്നെ അമേരിക്ക ബ്രിട്ടനു ഒരു വലിയ സംഖ്യ കടം കൊടുത്തിട്ടുള്ളതിനാൽ, ഈ തുക ഇനിയും വർദ്ധിപ്പിക്കുന്നതിനു അമേരിക്കയാകട്ടെ ബ്രിട്ടനാകട്ടെ ഇഷ്ടപ്പെടുന്നില്ലായിരിക്കാം. ഒരുപക്ഷെ കഴിഞ്ഞ യുദ്ധാനന്തരമുണ്ടായ അനിഷ്ടാനുഭവങ്ങൾ അമേരിക്ക ഇനിയും മറന്നിട്ടില്ലായിരിക്കാം. മുമ്പു പ്രസ്താവിച്ചപോലെ കഴിഞ്ഞ യുദ്ധത്തിൽ അമേരിക്ക ബ്രിട്ടനു കൊടുത്ത കടം, യുദ്ധാനന്തരം ബ്രിട്ടൻ നിരാകരിക്കുകയാണു ചെയ്തത്.

ഈ ഘട്ടത്തിൽ ചിലർ ചോദിക്കുമായിരിക്കാം, ഇന്ത്യയുടെ കടം വീട്ടുവാൻ അമേരിക്കയുടെ കയ്യിൽനിന്നും കടം, വാങ്ങേണമെന്നു ബ്രിട്ടനെ ഉപദേശിക്കുന്നതിന്റെ യുക്തി എന്താണെന്ന്. അല്പമൊന്നാലോചിച്ചാൽ ഇതിലെ യുക്തി വ്യക്തമാകുന്നതാണ്. ഇന്ത്യയുടെ സാമ്പത്തികസ്ഥിതി പരിഗണിക്കുമ്പോൾ, ബ്രിട്ടനിൽനിന്നും കിട്ടാനുള്ളത് അടിയന്തരമായി ന

മുക്കലടിച്ചമതിയാവൂ. ഇന്ത്യക്ക് അധികകാലത്തേക്ക, ബ്രിട്ടനിലെ സാമ്പത്തികസ്ഥിതി ഭേദപ്പെടുത്തുന്നതുവരെ, കാത്തുനില്ക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടാണ് ഉടൻതന്നെ ഇംഗ്ലണ്ട് അമേരിക്കയിൽനിന്നു കടംവാങ്ങി ഇന്ത്യയുടെ ആവശ്യം നിവൃത്തിക്കണമെന്നു പറയുന്നത്. ഇങ്ങനെ ചെയ്തുകഴിഞ്ഞാൽ പിന്നെ ഇംഗ്ലണ്ടിന്നു അമേരിക്കയോടുള്ള കടബാദ്ധ്യത പിന്നീടു കാലാന്തരത്തിൽ വീട്ടിത്തീർക്കാമല്ലോ. കടം മടക്കിക്കിട്ടുവാൻ അമേരിക്കക്ക് അത്ര അത്യന്താവശ്യമൊന്നുമില്ല. എപ്പോഴെങ്കിലും കിട്ടണമെന്നേ അമേരിക്കക്കു നിർബ്ബന്ധമുള്ളൂ. ഇന്ത്യക്ക് 1000 കോടി ഉറുപ്പിക വിലവരുന്ന വെള്ളിക്കശ്ശാണ്. അമേരിക്കക്കോ, അതു കോടീശ്വരൻ്റെ ചെമ്പുകാശും. ഇതാണ് വ്യത്യാസം.

അതിരിക്കട്ടെ. ബ്രിട്ടനും അമേരിക്കയും ഈ വഴിയിലൂടെ ഇന്ത്യയെ സഹായിക്കുവാൻ ഒരുക്കമില്ലെന്നു വെച്ചാൽ പിന്നെ ഇതിനെപ്പറ്റി നീട്ടിപ്പറഞ്ഞിട്ടു വലിയ പ്രയോജനമില്ലല്ലോ. മേൽപ്പറഞ്ഞ കാരണങ്ങളാൽതന്നെ ഇന്ത്യയുടെ കടം ഡോളറായി കൊടുത്തുവീട്ടുവാനും ബ്രിട്ടൻ ഒരുക്കമില്ല. ബ്രിട്ടന്നു ഡോളർ വേണമെങ്കിൽ അമേരിക്കയിൽനിന്നു കടം വാങ്ങേണമല്ലോ. ബ്രിട്ടൻ വാങ്ങാനാകട്ടെ അമേരിക്ക കൊടുക്കാനാകട്ടെ ഒരുക്കമില്ല.

ഇന്ത്യയിലുള്ള ബ്രിട്ടീഷ് വ്യവസായങ്ങളും വിറ്റുകിട്ടുന്ന പണംകൊണ്ട് ഇന്ത്യക്കാരുടെ കടം വീട്ടുകയെന്നതാണല്ലോ മൂന്നാമത്തെ പോംവഴി. ബ്രിട്ടീഷുകാരുടെ വകയായി 4000 ത്തിൽപരം കോടി ഉറുപ്പിക വിലവരുന്ന വ്യവസായങ്ങളും ഇന്ത്യയിലുണ്ട്. ഇതിൽ ഒരു ഭാഗം ഇന്ത്യക്കാർക്ക് അവരുടെ കടത്തിന്നു പകരമായി കൊടുക്കാവുന്നതാണ്. വ്യവസായത്തിൻ്റെ വില ഇന്ത്യയിൽനിന്നും ഉറുപ്പികയായിട്ടു വസൂലാക്കുകയും, ബ്രിട്ടീഷ് ഉടമസ്ഥന്മാർക്ക് അവരുടെ സ്വത്തിൻ്റെ വില ഇംഗ്ലണ്ടിൽ സ്റ്റെർലിങ്ങായിട്ടു കൊടുക്കുകയും ചെയ്യാം.

എന്നാൽ ഈ മാറ്റം ബ്രിട്ടൻ സ്വീകരിക്കുമെന്നു തോന്നുന്നില്ല. പരമാർത്ഥം പറയുകയാണെങ്കിൽ ഇന്ത്യയിൽ ബ്രിട്ടീഷ് സ്ഥാപിതതാല്പര്യങ്ങളുടെ വിപുലപ്പെടുത്താനാണ് ഇപ്പോഴും ബ്രിട്ടീഷ് വ്യവസായികളും പരിശ്രമിക്കുന്നത്.

സാമ്പത്തികദൃഷ്ടിയിൽ ഈ മാറ്റം ഇന്ത്യക്കും തല്ക്കാലം വളരെ ഗുണം ചെയ്യുമെന്നു തോന്നുന്നില്ല. കാരണം ഈ മാറ്റം നിലവിലുള്ള സ്വത്തിൻ്റെ ഉടമസ്ഥാവകാശം കൈമാറുന്നതേയുള്ളൂ; വ്യവസായത്തിൽ ആകെയുള്ള മൂലധനം വർദ്ധിപ്പിക്കുന്നില്ല. എന്നാൽ നമുക്കിന്നു വേണ്ടത് അധികമധികം മൂലധനമാണ്. അഥവാ, അധികമധികം ഉല്പാദനസാമഗ്രികളാണ്. 1000 കോടി ഉറുപ്പികയ്ക്കും പുതിയ യന്ത്രങ്ങളും മറ്റും വിദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുവാൻ നമുക്കു സാധിക്കണം.

ഈ നിലയ്ക്കു നോക്കുമ്പോൾ അവസാനത്തെ പോംവഴി, അതായത് കിട്ടാനുള്ളത് സാധനമായിട്ടുതന്നെ വാങ്ങുക എന്ന നയം മാത്രമേ അവശേഷിക്കുന്നുള്ളൂ. സാധനമായിട്ടു കടം സ്വീകരിക്കുന്നതിൽ ഇന്ത്യക്കു വിരോധവുമില്ല. എന്നാൽ സാധനസാമഗ്രികളായിട്ട് ഇന്ത്യയുടെ ആവശ്യങ്ങൾ നിവൃത്തിക്കുവാൻ ബ്രിട്ടൻ ഒരുക്കമുണ്ടോ എന്നാണ് പ്രശ്നം.

ഇന്ത്യയിലെ ദാരിദ്ര്യത്തെപ്പറ്റി വർണ്ണിച്ചു വിശദീകരിക്കേണ്ടതില്ല. നമ്മുടെ ജീവിതത്തോതുയർത്തേണ്ടത് ഒരടിയന്തിരാവശ്യമാണ്. ഇതിനെപ്പറ്റി പക്ഷാന്തരമില്ല. ജീവിതത്തോതുയർത്തണം. അതുടനടി വേണം താനും.

ഇതു സമ്മതിക്കുമെങ്കിൽ ഇന്ത്യയിലെ വ്യവസായങ്ങളും കൃഷിയും അഭിവൃദ്ധിപ്പെടുത്തേണ്ടതു ഏറ്റവും അടിയന്തരമായ ഒരു കാര്യമാണെന്നു വ്യക്തമാണല്ലോ.

ഈ ഉദ്ദേശം സഫലമാകണമെങ്കിൽ ഇന്നാലോചനയിലിരിക്കുന്ന പുന:സംഘടനാപദ്ധതികൾ ഉടനടി നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇതിന്നായി അനവധി ഉല്പാദനോപകരണങ്ങളും നമുക്ക് വിദേശങ്ങളിൽനിന്നും ആവശ്യമാണ്. അവയിപ്പോഴും തന്നെ, യുദ്ധം കഴിഞ്ഞാൽ ഉടനെതന്നെ കിട്ടുകയുംവേണം.

മററു രാജ്യങ്ങളിലെ നിലക്ക്, യുദ്ധം കഴിഞ്ഞാലുടനെതന്നെ നമുക്കാവശ്യമായ സാധനങ്ങൾ ബ്രിട്ടൻ തരുമെങ്കിൽ ഇന്ത്യക്കു പിന്നെ യാതൊരാക്ഷേപവുമില്ല.

പക്ഷെ യുദ്ധം കഴിഞ്ഞ ഉടനെ ഇന്ത്യയുടെ ആവശ്യങ്ങൾ നിവൃത്തിക്കുന്നതിന്നു ബ്രിട്ടനെക്കൊണ്ടു സാധിക്കുമോ എന്ന കാര്യത്തിലാണ് ഇന്ത്യക്കാരുടെ സംശയം.

ഈ സംശയം കേവലം അടിസ്ഥാനരഹിതമല്ലതാനും. ഈ യുദ്ധത്തിൽ ബ്രിട്ടന്ന് അനവധി സാമ്പത്തികനാശങ്ങൾ സംഭവിച്ചിട്ടുണ്ട്. അവിടത്തെ വ്യവസായങ്ങൾ പാടെ തകരാറായിരിക്കുന്നു. ലക്ഷക്കണക്കിന്നു പുതിയ വീടുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ ബ്രിട്ടന്റെ ഉല്പാദനശക്തി മുഴുവനും അവിടത്തെ പുനഃസംവിധാനത്തിന്നാവശ്യമായിവന്നേക്കും. യുദ്ധാനന്തരം കുറേകാലത്തേക്കെങ്കിലും ബ്രിട്ടന്ന് ഇന്ത്യയെ സഹായിക്കുവാൻ സാധിക്കുമോ എന്നു കണ്ടുതന്നെ അറിയണം. അതുകൊണ്ടു തന്നെയാണ് അമേരിക്കയിൽനിന്നും കടം വാങ്ങി ഇന്ത്യയുടെ ആവശ്യം നിർവ്വഹിക്കുവാൻ ഇന്ത്യക്കാർ ആവശ്യപ്പെടുന്നതും. സ്വർണ്ണമായാലും, ഡോളറായാലും, ഇന്ത്യ അതു വിനിയോഗിക്കുക സാധനങ്ങൾ വാങ്ങുവാനായിരിക്കും. ഒരു വ്യത്യാസം മാത്രം, സ്വർണ്ണമോ, സ്വർണ്ണമാനദണ്ഡത്തിൽ അധിഷ്ഠിതമായ ഡോളറോ കൈവശമുണ്ടെങ്കിൽ, ഇന്ത്യയുടെ ആവശ്യങ്ങളെ ഉടനെതന്നെ നിർവ്വഹിക്കുവാൻ സാധിക്കുന്ന അമേരിക്കയിൽനിന്നും അതുപോലെയുള്ള മററു രാജ്യങ്ങളിൽനിന്നും നമുക്കു യന്ത്രങ്ങളും മററും വാങ്ങാമായിരുന്നു. അവ കയ്യിലില്ലാത്ത കാലത്തോളം ബ്രിട്ടനെ ആശ്രയിക്കാതെ നിവൃത്തിയില്ല.

കാര്യങ്ങളുടെ വാസ്തവസ്ഥിതി പരിശോധിക്കുമ്പോൾ ഈ ആശ്രിതാവസ്ഥ സ്ഥാപിക്കുകയല്ല ബ്രിട്ടന്റെ ഉദ്ദേശമെന്നുകൂടി സംശയിക്കേണം. യുദ്ധം കഴിഞ്ഞാൽ കുറെ കാലത്തേക്കു കാര്യമായിട്ടൊന്നും പ്രവർത്തിക്കുവാൻ ഒരു പക്ഷെ ബ്രിട്ടന്നാകുന്നതല്ലെന്നു പറഞ്ഞുവല്ലോ. എന്നാൽ കുറച്ചുകാലം കഴിഞ്ഞാൽ തന്റെ വ്യവസായികോല്പന്നങ്ങൾ വിററഴിക്കുവാൻ ബ്രിട്ടന്നു പരരാജ്യങ്ങളിൽ കമ്പോളം അനുപേക്ഷണീയമായിത്തീരും. അന്നത്തെ ആവശ്യത്തിന്നു ഇന്ത്യയെ ഇപ്പോൾതന്നെ ഒരുക്കിവെക്കുകയാണ് ബ്രിട്ടീഷു വ്യവസായികൾ ചെയ്യുന്നത്. ഇന്ത്യയുടെ വ്യവസായീകരണവും, സാമ്പത്തിക പുനരുദ്ധാരണ പദ്ധതികളും അതുവരെ കാത്തിരിക്കേണമെന്നാണ് അതിന്റെ അർത്ഥം.

മാത്രമല്ല, ഇന്ത്യയുടെ കടം നിലവിലുള്ളേടത്തോളം കാലം ബ്രിട്ടനിൽനിന്ന് എന്തു വിലക്കും സാധനങ്ങൾ ഇന്ത്യക്കാർ വാങ്ങിക്കൊള്ളുമെന്ന ഒരു പ്രതീക്ഷയും ബ്രിട്ടീഷു വ്യവസായികൾക്കുള്ളപോലെയിരിക്കുന്നു. യുദ്ധാനന്തരം അമിതവിലക്കു സാധനങ്ങൾ ഇന്ത്യക്കാർക്കു വിൽക്കുവാൻ ഈ പരിതഃസ്ഥിതി ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ചേക്കാൻ വഴിയുണ്ട്.

അതിനാൽ യുദ്ധാനന്തരം ഇന്ത്യയുടെ കയ്യിൽനിന്നും അമിതവില വാങ്ങുകയില്ലെന്നും, യുദ്ധം കഴിഞ്ഞാലുടൻതന്നെ ഇന്ത്യയുടെ ആവശ്യങ്ങൾ നിവൃത്തിക്കുന്നതാണെന്നും ഒരുറപ്പ് ഇന്ത്യാഗവർമ്മെന്റ് ബ്രിട്ടനിൽനിന്നും ആവശ്യപ്പെടുന്നതു നന്നായിരിക്കും.

തുർക്കിയുടെ പുരോഗതി

തുർക്കിയിലെ ഓട്ടോമാൻ സാമ്രാജ്യം എഴുനൂറു വർഷക്കാലം ഭരണം നടത്തി. തുർക്കികളുടെ അവസാനത്തെ സാമ്രാജ്യം ഇതായിരുന്നു. കഴിഞ്ഞ മഹായുദ്ധത്തിൽ ഒരു അധീശശക്തിയെന്ന നിലയിൽ ഈ സാമ്രാജ്യം നാശകരമായ സാഹചര്യങ്ങളെ അഭിമുഖീകരിച്ചപ്പോൾ ശിഥിലീകൃതമായിപ്പോയി. തകർന്ന അവസ്ഥയിൽനിന്നു രാജ്യത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി തുർക്കികൾ വീണ്ടും സന്നദ്ധരായി പ്രവർത്തിച്ചു. യുദ്ധപ്രവർത്തനത്തിൽ കഴിച്ചുകൂട്ടിയ നാലുവർഷം കൂടാതെ, നാലുവർഷം കൂടി അവർ കഷ്ടപ്പെട്ടു. അങ്ങനെ 1914 മുതൽ 1922 വരെ അവരുടെ ജീവനുവേണ്ടി അവർ പ്രയത്നിച്ചു. ഒടുവിൽ, ശത്രുവിനെ സ്വരാജ്യത്തുനിന്നു ആട്ടിയോടിക്കുന്നതിൽ തുർക്കി വിജയം പ്രാപിച്ചു. ഒരു അധീശശക്തിഎന്ന നിലയിൽ സ്വതന്ത്രമായ ഒരു റിപ്പബ്ലിക്ക് അവർ സ്ഥാപിച്ചു. പ്രകൃതി സൃഷ്ടിച്ച അതിർത്തികളെത്തന്നെ അവരുടെ രാജ്യം അനുസരിച്ചു. 1914 മുതൽ ശത്രുഭാവത്തിൽ പെരുമാറിവന്ന എല്ലാ രാജ്യങ്ങളുമായി 1933-ൽ മൈത്രീബന്ധം സ്ഥാപിച്ചു. ഇപ്രകാരം സമാധാനം സ്ഥാപിക്കുവാൻ നിർമ്മിച്ച ഉടമ്പടിയെ ലോസേനിൻ ഉടമ്പടിയെന്നു പറയുന്നു.

ഇങ്ങനെ രാജ്യത്തു സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിച്ചുകഴിഞ്ഞതിനുശേഷം ആഭ്യന്തരമായ കാര്യങ്ങളെ ക്രമീകരിക്കുവാൻ ശ്രമിച്ചുതുടങ്ങി. ഏകദേശം ഒരു ശതവർഷക്കാലം സാമ്രാജ്യത്തിന്റെ വിസ്തൃതമായ അതിർത്തികളിൽ തുടരെത്തുടരെ സമരം നടത്തിയതിന്റെ ഫലമായി തുർക്കിയുടെ ജീവരക്തം വാർന്നുപോയി. എങ്കിലും ഉള്ള ശക്തി വേണ്ടവിധത്തിൽ അവർ ഉപയോഗിച്ചു.

ഒരു ധീരഭടനും, രാജ്യതന്ത്രജ്ഞനുമായിരുന്ന കെമാൽ അത്താതുർക്കിന്റെ കീഴിലാണ് ആദ്യം പുതിയ ഭരണം ആരംഭിച്ചതു്. 1919 മുതൽ 1922 വരെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ നയിച്ചതു് അദ്ദേഹമാണ്. വിജയശ്രീലാളിതയായ തുർക്കിയിൽ വിപ്ലവകരമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തി സ്വതന്ത്രമായ ഒരു റിപ്പബ്ലിക്ക് സ്ഥാപിച്ചതു് അദ്ദേഹമാണ്. എന്നാൽ രാജ്യത്തിന്റെ പുരോഗതിക്ക് വിഘ്നം ചെയ്യുന്ന പല ഘടകങ്ങളും അന്നു നിലവിലിരുന്നു. അക്ഷരജ്ഞാനമില്ലായ്മയും, മതപരമായ നിർബ്ബന്ധബുദ്ധിയും ഏറ്റവും വലിയ അവശതകളായിരുന്നു. രാഷ്ട്രീയമായും സാമ്പത്തികമായും രാജ്യത്തിന്റെ സ്ഥിതി ശോചനീയമായിരുന്നു. ഓട്ടോമാൻ സാമ്രാജ്യത്തിന്റെ മരണകാലത്തു യൂറോപ്യൻ മഹാരാജ്യങ്ങളോടുള്ള താല്പര്യം പ്രദർശിപ്പിക്കുവാൻവേണ്ടി പാശ്ചാത്യർക്കു നിയമപരമായി പല ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടായിരുന്നു. ഈ പാരതന്ത്ര്യത്തെയും മററുള്ള അവശതകളെയും ഉടൻതന്നെ പരിഹരിക്കേണ്ടതായിവന്നു. രാഷ്ട്രീയതന്ത്രപരമായി വളരെ ഒരുക്കങ്ങൾ പ്രയത്നം ചെയ്തതിനുശേഷം ലോസേനിൻ ഉടമ്പടിപ്രകാരം വിദേശശക്തികളുടെ അടിമത്വത്തിൽനിന്നു തുർക്കി രക്ഷപ്പെട്ടു.

പുതിയ ഗവൺമെന്റിന്റെ ശ്രദ്ധ രണ്ടാമതായി പതിഞ്ഞതു് ഭാഷാപരമായ സംഗതികളിലേക്കാണ്. ലാററിൻ ലിപികൾ സ്വീകരിച്ചതിനാൽ തുർക്കിഭാഷയിൽ എഴുതുവാനും വായിക്കുവാനും ഉള്ള പ്രയാസം കുറഞ്ഞു. ജനങ്ങളുടെ അഞ്ചിൽ നാലുഭാഗവും അക്ഷരജ്ഞാനമുള്ളവരായിത്തീർന്നു. 1938-ൽ പ്രസിഡണ്ട് അത്താതുർക്കിനെത്തുടർന്ന് പ്രസിഡണ്ട് ഇനോനു ഭരണഭാരം കൈയേററതിനുശേഷവും വിദ്യാഭ്യാസപരമായി ഗവൺമെന്റ് ഉൾജ്ജിതമായി പ്രവർത്തിക്കുന്നു. നിരവധി സ്കൂളുകളും കോളേജുകളും ആണ്ടുതോറും സ്ഥാപിച്ചുവരുന്നു. ആദ്യത്തെ അഞ്ചു വർഷം ഗവൺമെന്റ് സൗജന്യമായി നിർബ്ബന്ധവിദ്യാഭ്യാസം നടപ്പിലാക്കി. പ്രായം കൂടിയ ആളുകളിൽ അക്ഷരജ്ഞാനമില്ലാത്തവരെ ഗവർമ്മെന്റ് സ്കൂളുകളിൽ രാത്രിസമയത്തു് പ്രത്യേക പദ്ധതി പ്രകാരം പഠിപ്പിക്കുന്നു. ഈ പദ്ധതിയനുസരിച്ചു പന്ത്രണ്ടു വാരംകൊണ്ടു് അവർക്ക് അക്ഷരജ്ഞാനം സിദ്ധിക്കും.

ഇന്ന് ഏതൊരു ദേശത്തെ സ്ത്രീകളേക്കാളും, സ്വാതന്ത്ര്യമനുഭവിക്കുന്നതു് തുർക്കിയിലെ സ്ത്രീകളാണ്. പുരുഷന്മാർക്ക് സമമായ അവകാശങ്ങൾ സ്ത്രീകൾക്കും അനുവദിച്ചുകൊടുത്തിരിക്കുന്നു. ഇന്ന് തുർക്കിയിൽ ധാരാളം സ്ത്രീകൾ എൻജിനീയർമാരായും, പ്രൊഫസർമാരായും, ഡോക്ടർമാരായും ഉണ്ടു്.

മതാചാര്യന്മാരുടെ മാമൂൽപ്രിയവും, നിർബ്ബന്ധബുദ്ധിയും രാജ്യത്തിന്റെ പുരോഗതിക്ക് വലിയ വിഘ്നങ്ങളുണ്ടാക്കിവന്നിരുന്നു. മതത്തിനെ മാമൂൽ നിബന്ധനകളിൽനിന്ന് വിമുക്തമാക്കിയതുനിമിത്തം രാജ്യം അതിവേഗത്തിൽ പുരോഗമിച്ചു. മതത്തിന്റെ പേരിൽ പൊതുജനങ്ങളെ അങ്ങോട്ടുമിങ്ങോട്ടും വലിച്ചിഴക്കേണ്ട കാര്യമില്ലെന്നും മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെയാണ് മതത്തിൽ പ്രതിപാദിക്കുന്നതെന്നും പുതിയ ഗവർമ്മെന്റ് സിദ്ധാന്തിച്ചു.

പൊതുവെ നോക്കുന്നപക്ഷം അടക്കുവാൻപാടില്ലാത്ത പുരോഗതിയാണ് തുർക്കിയിൽ ഉണ്ടായിരിക്കുന്നതു്. ഇപ്പോഴത്തെ യുദ്ധം ഉത്ഭവിച്ചില്ലായിരുന്നുവെങ്കിൽ ഇതിലും വളരെ വമ്പിച്ച നേട്ടം തുർക്കിക്കുണ്ടാകുമായിരുന്നു.

ലണ്ടനിൽനിന്ന്

ഖാൻബഹദൂർ കെ. മുഹമ്മദ്, എം. എ.

21, Cromwell Road,
London S. W. 7,
25—9—'24.

ബ്രിട്ടീഷ് സാമ്രാജ്യപ്രദർശനം :—

അവിടെ നിന്ന് സെപ്തമ്പർ 1-ാംനു- എഴുതിയ കത്തു കിട്ടി. എല്ലാവർക്കും സുഖമാണെന്നും അതികലശലായ വർഷത്തിൻെറ അസഹ്യത ഇപ്പോൾ ഏതാണ്ട് കുറഞ്ഞിരിക്കുന്നുവെന്നും അറിഞ്ഞു സന്തോഷിക്കുന്നു.

കഴിഞ്ഞ ആഴ്ച ഞാൻ ഇവിടെനിന്നെഴുതിയ കത്തിൽ ഈജിപ്തിലെ പ്രധാനമന്ത്രിയായ സഗ്ലൂൽപാഷ ഇവിടെ അടുത്തു എത്തുന്നതാണെന്ന് എഴുതിയിരുന്നുവല്ലോ. തൻെറ ഭാര്യയോടും ചില മന്ത്രിമാരോടുംകൂടി മിനിഞ്ഞാന്ന് അദ്ദേഹം ലണ്ടനിൽ എത്തി. ഇവിടെ താമസിച്ചുവരുന്ന ഈജിപ്ഷ്യൻ ഉദ്യോഗസ്ഥന്മാരും വിദ്യാർത്ഥികളും അവർക്ക് വളരെ ആഹ്ളാദത്തോടും ആദരവോടും കൂടി ഒരു ഗംഭീരസ്വീകരണം നൽകി. സഗ്ലൂൽ പാഷയ്ക്ക് 74 വയസ്സ് പ്രായമുണ്ട്. അദ്ദേഹം ജയിലിൽനിന്ന് വിമുക്തനായിട്ട് വളരെക്കാലമായിട്ടില്ല. പക്ഷെ, ഈജിപ്തിൽ ഉത്തരവാദിത്വ ഗവർമ്മെണ്ട് സ്ഥാപിതമായപ്പോൾ ഭൂരിപക്ഷം തനിക്കുണ്ടായതുകൊണ്ട് പ്രധാന മന്ത്രിയായി നിയമിക്കപ്പെടുകയാണുണ്ടായത്. ഇവിടെവെച്ച് അദ്ദേഹത്തിന് നൽകിയ സ്വീകരണത്തിൻെറ തോത് മനസ്സിലാക്കുവാൻ വർത്തമാനപത്രങ്ങളിൽ അതിൻെറ ഫോട്ടോ പ്രസിദ്ധംചെയ്തിരുന്നതിൻെറ ഒരു കോപ്പി ഇതൊന്നിച്ചയക്കുന്നു. അതിൽ കാണുന്ന യുവതികൾ ഇവിടെയുള്ള പലവിധ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥിനികളാണ്. "ഈജിപ്തും സുഡാനും ചിരകാലം ജീവിക്കട്ടെ! സഗ്ലൂൽ ചിരകാലം ജീവിക്കട്ടെ!" എന്നും മററു മുദ്രാവാക്യങ്ങൾ ഉച്ചത്തിൽ മുറവിളിച്ചുംകൊണ്ടാണ് ഇവിടുത്തെ പ്രധാനപ്പെട്ട "വിക്ടോറിയ" എന്ന തീവണ്ടി സ്റ്റേഷനിൽ ജനങ്ങൾ തിങ്ങിക്കൂടി നിന്നിരുന്നത്.

സഗ്ലൂൽപാഷയുടെ പ്രിയതമയും രാഷ്ട്രീയരംഗത്തിൽ പ്രവർത്തിച്ച് പ്രശസ്തിനേടിയ ഒരു സ്ത്രീരത്നമാകുന്നു. തൻെറ ഭർത്താവ് ജയിലിലായിരുന്നപ്പോൾ തൻെറ സ്വന്തം വീട് ഈജിപ്തുകാർക്ക്, തങ്ങളുടെ മാതൃഭവനമായി ഗണിച്ച് രാഷ്ട്രീയപ്രവർത്തനത്തിന്നായി വിട്ടുകൊടുത്തിരുന്നു. ഈ സ്ത്രീ മുമ്പുണ്ടായിരുന്ന ഒരു പ്രധാനമന്ത്രിയുടെ മകളാണ്. കൂടാതെ ഈജിപ്തിലെ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തുവരുന്ന സ്ത്രീരത്നങ്ങളുടെ നേതാവായി പ്രവർത്തിച്ചുവരുന്ന ഒരാളുമാണ്. ഈ സ്വീകരണം കണ്ടപ്പോൾ ഒരു കാലത്ത് നാഗരികത്വത്തിൻെറ നേതൃത്വം വഹിച്ചിരുന്ന മുസ്ലീംരാഷ്ട്രങ്ങൾ ഇന്ന് നാമാവശേഷമായിപ്പോയത് പുനർജ്ജീവിപ്പിക്കുവാനും പരിശുദ്ധനബിയുടെ ജീവിതകാലത്തിൽ മുസ്ലിംസ്ത്രീകൾ അനുഭവിച്ചിരുന്ന പദവി വീണ്ടെടുക്കുവാനും അടുത്തുതന്നെ സംഗതിവരുന്നതാണെന്നുള്ള വിചാരം മനസ്സിൽ ഉത്ഭവിച്ചുവെന്ന് പറയേണ്ടതില്ലല്ലോ.

ഇതിനുമുൻപെഴുതിയ പല കത്തുകളിലും ലണ്ടനടുത്തുള്ള വെംബ്ലി (Wembley) എന്ന സ്ഥലത്ത് ഏർപ്പാട് ചെയ്ത് നടത്തിവരുന്ന "ബ്രിട്ടീഷ് സാമ്രാജ്യപ്രദർശന"ത്തിൻെറ ഒരുക്കങ്ങളേയും ഉൽഘാടനത്തെയും മററും കുറിച്ച് പ്രസ്താവിച്ചിരുന്നുവല്ലോ. എന്നാൽ അതിനെപ്പററി ഒരു വിസ്തീർണ്ണവിവരം എഴുതിയറിയിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. അടുത്ത ദിവസം ഈ പ്രദർശനം ഞാൻ വീണ്ടും സന്ദർശിച്ചു. കഴിഞ്ഞ ഏപ്രിൽമാസം 23-ാംനു- രാജാവ് നേരിട്ട് എഴുന്നള്ളി ഉൽഘാടനംചെയ്ത ഈ പ്രദർശനം ഇനി അഞ്ചാറുമാസത്തിന്നുള്ളിൽ അവസാനിക്കുമെന്നാണ

* ഡിവിഷനൽ ഇൻസ്പെക്ടർ ഖാൻബഹദൂർ കെ. മുഹമ്മദ്സാഹിബ് വിദ്യാഭ്യാസ പരിശീലനാർത്ഥം ഇംഗ്ലണ്ടിൽ പോയിരുന്ന കാലത്തു വിവിധസ്ഥലങ്ങളിൽനിന്നു അദ്ദേഹം തൻെറ പിതാവിന്നു അയച്ചിട്ടുള്ള ചില കത്തുകളാണ് അദ്ദേഹത്തിൻെറ അനുമതിയോടുകൂടി ഞങ്ങൾ ഈ പംക്തിയിൽ പ്രസിദ്ധംചെയ്യുന്നത്. ഇന്ത്യയുടെ വൈവ്യവസായിക പുനരുദ്ധാരണോപയുക്തമായതുകൊണ്ട് ഈ കത്തിനു മുൻഗണനനൽകിയതാണ്. (പ.)

റിവ്. ഒരു കൊല്ലം കൂടി ഇതു തുടർന്നു നടത്തേണ്ടതാണെന്ന് ഒരഭിപ്രായം വർത്തമാനക്കടലാസ്സുകളിൽ പലരും പ്രസ്താവിച്ചു കാണുന്നുണ്ടെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്തിൽ ഓസ്ട്രേലിയയൊഴിച്ച് മററു രാഷ്ട്രങ്ങളെല്ലാം അതിന്നനുകൂലമല്ലെന്നാണറിയുന്നത്. ഈ പ്രദർശനത്തിന്റെ ഉദ്ദേശം, ബ്രിട്ടീഷ് സാമ്രാജ്യത്തിലുള്ള വ്യത്യസ്ത രാജ്യങ്ങളിലെ ഉൽപ്പന്നങ്ങൾക്കും യന്ത്രനിർമ്മിതവസ്തുക്കൾക്കും സാമ്രാജ്യരാജ്യങ്ങളിലും, വിദേശരാജ്യങ്ങളിലും വിററഴിക്കുവാനുള്ള മാർക്കററുകൾ സമ്പാദിക്കുന്നതാണ്. പാഴായിക്കിടന്നിരുന്ന വെമ്പ്ലി ദേശം ഇപ്പോൾ വലിയൊരു പട്ടണമായി പരിണമിച്ചിരിക്കുകയാണ്. സാമ്രാജ്യത്തിലെ ഓരോ ഗവർമ്മേണ്ടിന്നും ഓരോ പ്രത്യേക സ്ഥലം കൊടുത്തിട്ടുള്ളതിൽ അവർ വിസ്തീർണ്ണങ്ങളായ കെട്ടിടങ്ങൾ നിർമ്മിച്ച് അവയിൽവെച്ചാണ് അവരുടെ സാമഗ്രികൾ പ്രദർശിപ്പിച്ചിട്ടുള്ളത്. മൊത്തത്തിൽ ഈ പ്രദർശനത്തിന് രണ്ടു കോടി നാല്പതു ലക്ഷത്തോളം പവൻ ചെലവു വന്നിട്ടുണ്ടത്രെ!

വളരെ വിസ്തീർണ്ണമായൊരു കെട്ടിടത്തിൽ കാനഡയിലെ ഉൽപ്പന്നങ്ങൾ രസകരമാകുംവണ്ണം പ്രദർശിപ്പിച്ചിരിക്കുന്നു. അവരുടെ വെണ്ണ, പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ ഇവയെല്ലാം യഥാർത്ഥമായും വലിയ ചിത്രങ്ങൾ മുഖാന്തരവും പ്രദർശിപ്പിച്ചിട്ടുള്ളത് എത്രയും അത്ഭുതകരമായി തോന്നുന്നു. കാനഡയിലെ വയലുകൾ, കാടുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിവ സാദൃശ്യമുള്ള മാതിരി കൃത്രിമമോഡലുകൾ ഉണ്ടാക്കി കാഴ്ചക്കായി വെച്ചിട്ടുണ്ട്. ഈ മോഡലുകളുടെ അരികിൽക്കൂടി നടന്നുകൊണ്ടിരിക്കുമ്പോൾ "കാനഡയിൽ പോയി താമസിക്കുക, അവിടെ ആദായത്തിൽ പല സാധനങ്ങളും വാങ്ങുവാൻ കിട്ടും" എന്നും മററുമുള്ള ശബ്ദങ്ങൾ അവയുടെ പിന്നിൽനിന്ന് യന്ത്രങ്ങൾ വഴിയായി ഇടക്കിടക്ക് ഉച്ചരിക്കുന്നതായി കേൾക്കാം. ഓസ്ട്രേലിയാ ഭാഗത്തിൽ, ഓസ്ട്രേലിയയിലെ കന്നുകാലിവളർത്തൽ, പ്രധാനമായ ധാന്യങ്ങൾ, മാംസം, വെണ്ണ എന്നിവ പ്രത്യേകമായി പ്രദർശിപ്പിച്ചിട്ടുണ്ട്. തെക്കെ ആഫ്രിക്കക്കാരുടെ വിഭാഗത്തു് അവരുടെ ഖനികളും വ്യവസായങ്ങളും പ്രദർശിപ്പിച്ചിരിക്കുന്നു. ഇവയോടൊന്നിച്ചുതന്നെ ആഫ്രിക്കയിലെ ചില കാപ്പിരികളുടെ വീടുകളും അവർ ഉണ്ടാക്കുന്ന ചില്ലറ സാമഗ്രികളും കാണിച്ചിട്ടുണ്ട്. ബ്രിട്ടീഷ് വ്യവസായങ്ങളുടെ പ്രദർശനത്തിന്നായി വെമ്പ്ലിയുടെ പ്രധാനമായൊരു ഭാഗം ഉപയോഗിച്ചിട്ടുണ്ടെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഇവിടുത്തെ എല്ലാ വ്യവസായങ്ങളുടെ മാതൃകയും ഈ ഭാഗത്ത് കാഴ്ചക്കായി വെച്ചിട്ടുണ്ട്. കപ്പലുകൾ, തീവണ്ടി എഞ്ചിനുകൾ, മോട്ടോർ കാറുകൾ, എന്നീ വിവിധ വസ്തുക്കൾ ഒന്നു ചുററിക്കാണണമെങ്കിൽ രണ്ടു ദിവസം മെനക്കെട്ടാലും മതിയാകുന്നതല്ല.

നമ്മുടെ രാജ്യവും ഇവിടെ കാര്യമായൊരു സ്ഥലം പിടിച്ചിട്ടുണ്ട്. ഇന്ത്യൻവിഭാഗത്തിന്റെ നേതാവായി ഇവിടെ പ്രവർത്തിച്ചുവരുന്നത് ഇതിന്നുമുമ്പ് കൊച്ചിദിവാനായിരുന്ന മി. വിജയരാഘവാചാരിയാണ്. ഇന്ത്യൻചരിത്രത്തിൽ വിഖ്യാതമായ 'താജ്മഹാൾ' എന്ന കെട്ടിടത്തിന്റെ രീതിയിലാണ് "ഇന്ത്യൻ പവിലിയൺ' (Indian Pavilion) എന്ന പ്രദർശനമന്ദിരം പണിചെയ്തിട്ടുള്ളത്. എന്നാൽ ഈ പ്രദർശനം കാണുമ്പോൾ നമ്മുടെ വ്യവസായം എത്രയും പിന്നിലാണ് നിൽക്കുന്നതെന്ന് ഏതൊരാൾക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. നമ്മുടെ 33 കോടി ജനങ്ങളുടെ അനാഥസ്ഥിതിയാണ് ഇവിടെ കാണുന്നത്. ഗംഭീരയന്ത്രങ്ങളോ, ആധുനികസമ്പ്രദായത്തിൽ കൃഷിചെയ്തുണ്ടാക്കുന്ന ധാന്യങ്ങളോ ഈ ഭാഗത്ത് കാണുന്നില്ല. നമ്മുടെ പഴയമട്ടും, പുരാതനാചാരങ്ങളും, സാരിയും, മീൻതോണിയും, വൈസ്രോയി വെടിവെച്ച, കാട്ടുമൃഗങ്ങളും, കാളയും കുതിരയും, ചെമ്പുപാത്രങ്ങളും കൊത്തുപണികളും ഇവിടെയുണ്ട്. എന്നാൽ നമ്മുടെ ഉൽപ്പന്നങ്ങൾ വിദേശങ്ങളിൽ വിററ് ഇന്ത്യയുടെ ധനസ്ഥിതി, വ്യാപാരം മുഖേന പുഷ്ടിപ്പിക്കുന്നതിനുള്ള പ്രത്യേക ഏർപ്പാടുകളോ കഴിവുകളോ ഇവിടെ പ്രത്യക്ഷത്തിൽ കാണുന്നില്ല. നേരെമറിച്ച് ഇന്ത്യൻ വിഭാഗത്തിന്റെ മറെറാരു ഭാഗത്ത് പ്രദർശിപ്പിച്ചിട്ടുള്ള ചില കാഴ്ചകൾ ഇന്ത്യയെപ്പററി കാഴ്ചക്കാരിൽ മൊത്തത്തിൽ ഒരു ദുരഭിപ്രായം ജനിപ്പിക്കുവാനാണ് സഹായിക്കുന്നത്. ഈ ഭാഗത്തു നമ്മുടെ നാട്ടിലെ ഏററവും താഴ്ന്ന ജാതിക്കാരെന്നുപറയുന്ന സഹോദരന്മാരെയും, അവരുടെ കീറവസ്ത്രങ്ങളോടു കൂടിയ പടങ്ങളും, കോഴിക്കൂടുപോലെയുള്ള അവരുടെ കുടിലുകളും, അവരുടെ ഇടയിൽ മിഷ്യനറിമാർ അവരെ ഉന്നമിപ്പിക്കുവാൻ ചെയ്യുന്ന ഭഗീരഥ പ്രയത്നങ്ങളുമാണ് കാണാവുന്നത്. ഇന്ത്യയിലെ ജനങ്ങളെ ഉയർത്തുവാൻ കാരണഭൂതന്മാർ പാതിരിമാരാണെന്ന് വൈസ്രോയി എവിടെയോവെച്ചു പ്രസ്താവിച്ച വാചകങ്ങൾ വലിയ അക്ഷരങ്ങളിൽ അച്ചടിച്ച് ഈ ഭാഗത്ത് തൂക്കിയിട്ടിട്ടുണ്ട്. ആകപ്പാടെ, ഈ ഭാഗം കണ്ടാൽ ഇന്ത്യക്കാർ തീരെ അപരിഷ്കൃതരാണെന്നുള്ള ഒരഭിപ്രായം ഇവിടെയുള്ളവരിൽ ജനിപ്പിക്കാതിരിക്കുകയില്ല. ഈ പ്രദർശനം സന്ദർശിക്കുമ്പോൾ എന്റെ ഒരുമിച്ചുണ്ടായിരുന്ന ഒരു ഇംഗ്ലീഷു സ്നേഹിതൻ, "ഇവക്കു നിങ്ങൾ എന്തിനാണ് പവിലിയനിൽ ഒരു സ്ഥലം കൊടുത്തിരിക്കുന്നതു്," എന്ന് ചോദിച്ചതു് അതിന്നൊരു ദൃഷ്ടാന്തമാണ്. ഈ ചോദ്യം കേട്ട് ഞാൻ ഇളിഭ്യനായെങ്കിലും 'അതിലാണ് ഞങ്ങളുടെ മാഹാത്മ്യം കാണുക; ഞങ്ങളെ നശിപ്പിക്കു

നാവക്ക് കൂടി ഞങ്ങളുടെ ഭവനങ്ങളിൽ ഒരു സ്ഥലം കൊടുക്കും, അത്രത്തോളം നാഗരികത്വം പ്രാപിക്കണമെങ്കിൽ നിങ്ങൾക്ക് ഇനിയും അനേക നൂറ്റാണ്ടുകൾ വേണ്ടിവരും," എന്ന ഒരു താൽക്കാലിക സമാധാനം കൊടുത്തു. "ഞാൻ ഒരിന്ത്യക്കാരനായിരുന്നുവെങ്കിൽ!," എന്നാണദ്ദേഹം മറുപടി പറഞ്ഞത്.

കാര്യം ഇങ്ങിനെയൊക്കെയാണെങ്കിലും ഇന്ത്യൻ വിഭാഗമാണ് അനേകം കാഴ്ചക്കാരെ ആകർഷിക്കുന്നത്. ഇതിനുള്ള കാരണം ഇന്ത്യൻ പ്രദർശനത്തിന്റെ കെട്ടുപ്പം, അതിനു മുൻപിലുള്ള വിസ്തൃതമായ കളവും, അതിൻ മദ്ധ്യത്തിലുള്ള ചെറിയ തടാകവും, അതിന്റെയും മദ്ധ്യത്തിൽ ഇടവിടാതെ ജലകണങ്ങൾ വിതറിക്കൊണ്ടിരിക്കുന്ന രസകരമായ ഒരു ഫൌണ്ടനം വളരെ ആകർഷണീയമായി തോന്നുന്നത് കൊണ്ടാണ്. കൂടാതെ ഏതാണ്ട് ജീവിതം മുഴുവനും വ്യവസായ ശാലകളിൽ ചെലവഴിക്കുന്ന ഇവിട്ടത്തുകാർക്ക് നമ്മുടെ പുരാതന സമ്പ്രദായങ്ങളും, ചില്ലറക്കലകളും കൌതുകമായി തോന്നുന്നതുമുണ്ട്. നമ്മുടെ കൊത്തുപണികളും മററും കാണുമ്പോൾ, "ഇതു കൈകൊണ്ടു നിർമ്മിക്കുവാൻ എത്ര കാലം വേണ്ടിവരും?" എന്നും മററും ചില കാഴ്ചക്കാർ "റിമാർക്സ് പാസ്സാക്കു"ന്നതും, "ഇന്ത്യയിൽ പ്രവൃത്തിയില്ലാത്തവർ വളരെയുണ്ട്; അവിടെ കൂലി വളരെ കുറവാണ്." എന്നും മററും അവരിൽ ചിലർ അഭിപ്രായപ്പെടുന്നതും കേൾക്കാവുന്നതാണ്.

'വെംബ്ളി' പ്രദർശനം ഒരു മഹാ പ്രദർശനമാണെന്ന് എല്ലാവരും പരക്കെ സമ്മതിക്കുന്നു. പല രാജാക്കന്മാരും മന്ത്രിമാരും നാട്ടുകാരും ഇവിടെ വന്ന് അതു കണ്ടു കഴിഞ്ഞു. ബെൽജിയൻ രാജാവും, രാജ്ഞിയും സന്ദർശനത്തിനായി ഇപ്പോൾ ഇവിടെ എത്തിയിട്ടുണ്ട്. ഇത്ര ഗംഭീരമായ ഒരു പ്രദർശനം മുമ്പ് ഒരിക്കലും നടത്തിയിട്ടില്ലെന്നാണ് വിദേശീയർ പറയുന്നത്. ദിനംപ്രതി ലക്ഷത്തോളം ആളുകൾ ഇതു കണ്ടുവരുന്നു. ഒരു പ്രദർശനത്തിനുവേണ്ടി ഇത്രയുമധികം ധനം വ്യയംചെയ്യുന്നുവല്ലോ എന്നു നമ്മുടെ നാട്ടുകാർ അത്ഭുതപ്പെടാതിരിക്കയില്ല. എന്നാൽ വലിയ തോതിൽ പണം സമ്പാദിക്കേണമെങ്കിൽ വലിയ തോതിൽ പ്രചരണാർത്ഥം ധനം വ്യയംചെയ്യേണ്ടുന്നതത്യാവശ്യമാണ്. നമ്മെ സംബന്ധിച്ചേടത്തോളം പറയുന്നതായാൽ പ്രചരണത്തിനു മുമ്പ് നിർമ്മാണം ആവശ്യമാകുന്നുവെന്നുള്ള വസ്തുത നാം മനസ്സിലാക്കിയിട്ടില്ലെന്നുള്ളു. നമ്മുടെ രാഷ്ട്രീയ നേതാക്കളും വ്യവസായ നേതാക്കളും ഇക്കാര്യത്തിൽ സംഘടിച്ചു പ്രവർത്തിച്ചു കാണാത്തതു നിരാശാജനകം തന്നെ. ഇതിലധികം പരിതാപകരമായിരിക്കുന്നത് നമ്മുടെ രാഷ്ട്രീയ പദ്ധതികളിൽ കാര്യമായ വ്യവസായങ്ങൾക്ക് ഒരു സ്ഥാനം കൊടുക്കുന്നില്ലെന്നുള്ളതു മാത്രമല്ല വ്യവസായ വർദ്ധനവ് ഇന്ത്യയുടെ പുരോഗതിക്ക് വിരുദ്ധമാണെന്നുള്ള പ്രചരണം കൂടി നേതാക്കന്മാർ ചെയ്യുന്നതാണ്! എന്നാണ് ബുദ്ധിപൂർവ്വകവും സൃഷ്ടിപരവുമായ ഒരു യഥാർത്ഥനേതൃത്വം ഇന്ത്യയിൽ ഉത്ഭവിക്കുക എന്നു കണ്ടുതന്നെ വേണം അറിയുവാൻ!

കുറിപ്പുകൾ

യുദ്ധാനന്തര വിദ്യാഭ്യാസപദ്ധതി—

മദിരാശി സംസ്ഥാനത്തിലെ യുദ്ധാനന്തര വിദ്യാഭ്യാസപദ്ധതിയെപ്പററി വിദ്യാഭ്യാസമേലദ്ധ്യക്ഷൻ സർ മെവറൽസ്റ്റാത്താം സമർപ്പിച്ച റിപ്പോർട്ട് വിദ്യാഭ്യാസകമ്മിററിയുടെ പര്യാലോചനകൾ വിഷയീഭവിക്കുകയും അവരുടെ നിർദ്ദേശം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നത് വായനക്കാരുടെ ദൃഷ്ടിയിൽ പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു.

സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിൻെറ നാനാവശങ്ങളേയും പരാമർശിച്ചുകൊണ്ടുള്ള ഈ റിപ്പോർട്ടിനെ "റവ്യൂ"വിൻെറ പരിമിത പംക്തിയിൽ നിരൂപണംചെയ്യുവാൻ സാദ്ധ്യമല്ലെങ്കിലും റിപ്പോർട്ടിലെ ചില പ്രധാനഭാഗങ്ങളെക്കുറിച്ചു പ്രത്യേകിച്ച് മുസ്ലിമീങ്ങളെയും വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന മററു അവശസമുദായങ്ങളെയും സ്പർശിക്കുന്ന ഭാഗത്തെക്കുറിച്ച് ചിലതു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അഞ്ചാംതരംവരെ സംസ്ഥാനമൊട്ടാകെ നിർബ്ബന്ധവിദ്യാഭ്യാസം നടപ്പാക്കുവാനാണ് ഒന്നാമത്തെ തീരുമാനം. ക്രമേണ അഞ്ചാംതരമെന്നത് 8-ാംതരംവരെ നീട്ടുന്നതിന്നും ആലോചിച്ചിട്ടുണ്ട്. നിർബ്ബന്ധം ഇന്നത്തെപോലെ അപ്രായോഗികമല്ലാതാകുവാൻ നിർബ്ബന്ധഹാജർ സമ്പാദിക്കുവാനുള്ള ഉത്തരവാദിത്വം വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടുതന്നെ ഏറെറടുക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ആവശ്യമായ ആരോഗ്യംപുലർത്തിപ്പോരേണ്ടതിന്ന് നിവൃത്തിയില്ലാത്ത എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം സൌജന്യമായി കൊടുക്കുന്നതിന്നുള്ള നിർദ്ദേശത്തെ ഇന്നത്തെ അനുഭവം തുലോം ന്യായീകരിക്കുന്നു.

പൊതുവിദ്യാഭ്യാസം പ്രായോഗികമല്ലാത്തിടങ്ങളിൽ പെൺകുട്ടികൾക്ക് പ്രത്യേകം പ്രാഥമിക സ്കൂളുകൾ വേണ്ടതാണെന്നും കമ്മിററി നിർദ്ദേശിക്കുന്നു. മുസ്ലിമീങ്ങളെ സംബന്ധിച്ച് ഈ തീർപ്പ് എത്രയും ന്യായമായിട്ടുണ്ട്. വിദ്യാഭ്യാസത്തിൽ ഇന്നും പുരോഗമിച്ചിട്ടില്ലാത്ത മുസ്ലിമീങ്ങളെപ്പോലുള്ള അവശസമുദായക്കാർക്ക് ഇന്നനുവദിച്ചുവരുന്ന പ്രത്യേകാനുകൂല്യങ്ങൾ തുടരേണ്ടതാണെന്ന് കമ്മിററി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അവർക്ക് കൂടുതൽ പ്രോത്സാഹനം നൽകി മററുള്ള സമുദായാംഗങ്ങളെപ്പോലെ പുരോഗതിയുള്ളവരാക്കിത്തീർക്കുന്നതിനെക്കുറിച്ച് കമ്മിററി ആലോചിക്കേണ്ടതായിരുന്നു.

5-ാംക്ലാസ്സുവരെയുള്ള സ്കൂളുകൾ ഗവർമ്മെണ്ടു ഏറെറടുത്തു നടത്തേണ്ടതാണെന്നുള്ള അഭിപ്രായത്തെ കമ്മിററി നിരാകരിച്ചതിൽ ഞങ്ങൾ വ്യസനിക്കുന്നു. മനുഷ്യൻെറ ഈ പ്രാഥമികാവശ്യത്തെ കൃത്യവിലോപംകൂടാതെ നിർവ്വഹിക്കുന്നതിന്ന് ഈ ഭാരം ഗവർമ്മെണ്ടുതന്നെ ഏറെറടുക്കേണ്ടതായിരുന്നു.

ഇന്നു ആത്മാഭിമാനത്തോടെ ജീവിക്കുവാനെന്നല്ല അഷ്ടിക്കുമുട്ടാതെ കാലയാപനംചെയ്യാൻപോലും കഴിയാതെ കിടന്നുഞെരുങ്ങുന്ന പ്രാഥമികാദ്ധ്യാപകവൃന്ദത്തെയും മററു വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരെയും തങ്ങളുടെ കൃത്യനിർവ്വഹണത്തിന്നു വിഘ്നംകൂടാതെ പുലർത്തിപ്പോരുന്നതിന്നും അവർക്ക് പ്രോത്സാഹനം നല്കുന്നതിന്നും ആകർഷകമായ ശമ്പളത്തോതും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിലെ വിദ്യാഭ്യാസ പുരോഗതിയിൽ അനവരതംചിന്തിച്ചുകൊണ്ടിരിക്കുന്ന സർ സ്റ്റാത്താമിനെപ്പോലുള്ള ഒരു വിദ്യാഭ്യാസതല്പരൻെറ വിദഗ്ദ്ധോപദേശം നമുക്കൊരു ഭാഗ്യം തന്നെയാണ്.